04
2025
മാർച്ച്
ചൊവ്വ
കുംഭം 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.88 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-88 | പേജ് 4. വില 2.00 രൂപ




02 അൾട്രാവയലറ്റ് രശ്മികളെ സൂക്ഷിക്കുക! കൂടുതൽ പതിച്ചത് കോന്നിയിൽ

03 നോമ്പുകാലം മറ്റുള്ളവരെ പരിഗണിക്കാനുള്ള അവസരം: മാർപാപ്പ

04 കോൺഗ്രസ് പ്രവർത്തകയുടെ കൊലപാതകം: ഒരാൾ അറസ്റ്റിൽ

## ചരിത്ര നേട്ടവുമായി വിഴിഞ്ഞം

# 15 തുറമുഖങ്ങളിൽ ഒന്നാമതെത്തി വിഴിഞ്ഞം

## വിസ്മയകരമായ നേട്ടമെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം : വിഴിഞ്ഞ രാജ്യാന്തര തുറമുഖം ഫെബ്രുവരിയിൽ കൈകാര്യം ചെയ്ത ചരക്കിന്റെ അളവിൽ 15 തുറമുഖങ്ങളിൽ ഒന്നാമതെത്തിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വാണിജ്യപ്രവർത്തനം തുടങ്ങി മൂന്നുമാസം മാത്രം പിന്നിട്ട വിഴിഞ്ഞത്തിന്റെ നേട്ടം വിസ്മയകരമാണെന്നും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

അതിവേഗം ഉയരങ്ങളിലേയ്ക്ക് കുതിക്കുകയാണ് വിഴിഞ്ഞം രാജ്യാന്തര തുറമുഖം. ഫെബ്രുവരി മാസത്തിൽ കൈകാര്യം ചെയ്ത ചരക്കിന്റെ അളവിൽ ഇന്ത്യയിലെ തെക്കു, കിഴക്കൻ മേഖലകളിലെ 15 തുറമുഖങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുകയാണ് വിഴിഞ്ഞം തുറമുഖം. ട്രയൽ റൺ തുടങ്ങി എട്ടു മാസവും കൊമേഴ്സ്യൽ ഓപ്പറേഷൻ തുടങ്ങി മൂന്നു മാസവും മാത്രം പിന്നിട്ട പദ്ധതിയുടെ ഈ നേട്ടം വിസ്മയകരമാണ്. ഫെബ്രുവരി മാസത്തിൽ 40 കപ്പലുകളിൽ നിന്നായി 78833 ടിഇയു ചരക്കാണ് അഡാനി വിഴിഞ്ഞം കണ്ടെയ്നർ ടെർമിനൽ കൈകാര്യം ചെയ്തത്.

ആഗോള മാരിടൈം രംഗത്ത് വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർധിക്കുകയാണ്. കേരളത്തിന്റെ വികസനത്തിൽ തുറമുഖത്തിന്റെ വളർച്ച മികച്ച രീതിയിൽ പ്രതിഫലിക്കുക തന്നെ ചെയ്യും. ലോകത്തെ ഏറ്റവും മികച്ച തുറമുഖങ്ങളിൽ ഒന്നാക്കി വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തെ മാറ്റുന്നതിനായി ദൃഢനിശ്ചയത്തോടെ സർക്കാർ മുന്നോട്ടു പോകും.



## മികച്ച നടൻ ഏഡ്രിയാൻ ബ്രോഡി, മൈക്കി മാഡിസൺ നടി; ഓസ്കറിൽ തിളങ്ങി അനോറ

ലോസ്ആഞ്ചലസ്: 97ാമത് ഓസ്കർ അവാർഡുകൾ പ്രഖ്യാപിച്ചു. മികച്ച നടനുള്ള അവാർഡ് ഏഡ്രിയാൻ ബ്രോഡി സ്വന്തമാക്കി. 'ദ ബ്രൂട്ടലിസ്റ്റ്' എന്ന ചിത്രത്തിലെ അഭിനയമാണ് ഏഡ്രിയാനെ പുരസ്കാരത്തിന് അർഹനാക്കിയത്. ഇതു രണ്ടാംതവണയാണ് അദ്ദേഹം മികച്ച നടനുള്ള ഓസ്കർ സ്വന്തമാക്കുന്നത്.

മികച്ച നടിക്കുള്ള അവാർഡ് അനോറയിലെ അഭിനയത്തിന് മൈക്കി മാഡിസൺ സ്വന്തമാക്കി. അനോറ ഒരുക്കിയ ഷോൺ ബേക്കർ മികച്ച സംവിധായകനുമായി. മികച്ച അവലംബിത തിരക്കഥയ്ക്കുള്ള പുരസ്കാരം അനോറയുടെ രചന നടത്തിയ ഷോൺ ബേക്കറിന് ലഭിച്ചു.

മികച്ച സംവിധാനം, എഡിറ്റിംഗ്, അവലംബിത തിരക്കഥ, നടി ഉൾപ്പടെ പ്രധാന നാല് പുരസ്കാരങ്ങളാണ് 'അനോറ' സ്വന്തമാക്കിയത്. സംവിധാനം, എഡിറ്റിംഗ്, അവലംബിത തിരക്കഥ എന്നിവ മൂന്നും കൈകാര്യം ചെയ്തിരിക്കുന്നത് ഷോൺ ബേക്കറാണെന്നതാണ് മറ്റൊരു പ്രത്യേകത. പതിവു പോലെ ലോസ്ആഞ്ചലസിലെ ഡോൾബി തീയറ്ററിലാണ് ചടങ്ങ് നടക്കുന്നത്.

അതേസമയം, മികച്ച സംഗീതസംവിധായകനുള്ള പുരസ്കാരം ദ ബ്രൂട്ട്ലിസ്റ്റ് എന്ന ചിത്രത്തിലെ സംഗീതത്തിന് ഡാനിയൽ ബ്ലൂംബെർഗ് സ്വന്തമാക്കി. മികച്ച ഛായാഗ്രഹണത്തിനുള്ള പുരസ്കാരവും 'ദ ബ്രൂട്ടലിസ്റ്റിനാണ്. ലോൽ ക്രൗളിക്കാണ് പുരസ്കാരം.

മികച്ച സഹനടനുള്ള അവാർഡ് കീറൻ കൾക്കിൻ സ്വന്തമാക്കി. ചിത്രം: 'ദ റിയൽ പെയിൻ'. റോബർട്ട് ബ്രൗണി ജൂണിയറാണ് അവാർഡ് പ്രഖ്യാപിച്ചത്. മികച്ച ആനിമേറ്റ!ഡ് ചിത്രത്തിനുള്ള പുരസ്കാരം ഫ്‌ലോ എന്ന ചിത്രം നേടി.

മികച്ച ആനിമേറ്റഡ് ഷോർട്ട് ഫിലിമിനുള്ള പുരസ്കാരം ഇറാനിൽ നിന്നുള്ള ദ ഷാഡോ ഓഫ് സൈപ്രസ് എന്ന ചിത്രം സ്വന്തമാക്കി. മികച്ച വസ്ത്രാലങ്കാരത്തിനുള്ള ഓസ്കർ നേടുന്ന ആദ്യ കറുത്ത വർഗക്കാരനായി പോൾ ടേസ്വെൽ ചരിത്രം സൃഷ്ടിച്ചു. ദ സബ്സ്റ്റൻസ് മികച്ച മേയ്ക്കപ്പ് ഹെയർ സ്റ്റൈലിസ്റ്റ് അവാർഡ് കരസ്ഥമാക്കി.

മികച്ച എഡിറ്ററിനുള്ള അവാർഡ് ഷോൺ ബേക്കറിന് ലഭിച്ചു.

## സ്വകാര്യ സർവകലാശാല ബിൽ നിയമസഭ സബ്ജക്ട് കമ്മിറ്റിയ്ക്ക് അയച്ചു

തിരുവനന്തപുരം: സ്വകാര്യ സർവകലാശാല ബിൽ, സർവകലാശാല നിയമഭേദഗതി ബിൽ എന്നിവ മന്ത്രി ആർ ബിന്ദു നിയമസഭയിൽ അവതരിപ്പിച്ചു. ബില്ലുകൾ വിദ്യാഭ്യാസ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു. വിദ്യാർഥികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് മുൻഗണന നൽകുന്ന സ്വകാര്യ സർവകലാശാല ബില്ലിൽ 40 ശതമാനം സീറ്റുകൾ സംസ്ഥാനത്തെ വിദ്യാർഥികൾക്ക് സംവരണം ചെയ്യുമെന്നും സംസ്ഥാന സർവകലാശാലകളിലെ സംവരണതത്വം സ്വകാര്യ സർവകലാശാലയ്ക്ക് ബാധകമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് ഫീസിളവ്, സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കുന്നതിനൊപ്പം വിദ്യാർഥികളുടെ പരാതി പരിഹരിക്കാൻ പ്രത്യേക സമിതി എന്നിവയും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമായ സമയങ്ങളിൽ സർക്കാരിന് ഇടപ്പെടാനുള്ള അവസരവും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്വകാര്യ സർവകലാശാലകൾക്കായുള്ള അപേക്ഷകൾ ഉന്നതവിദ്യാഭ്യാസ വിദഗ്ധന്റെ അധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചാണ് സർക്കാരിലേക്ക് സമർപ്പിക്കുക. സർക്കാരിൽനിന്ന് നിരാക്ഷേപ പത്രം (എൻഒസി) ലഭിച്ചാലേ പ്രവർത്തിക്കാനാകു.

സംസ്ഥാനത്തെ സർവകലാശാലകളുടെ അക്കാദമിക തലത്തിലെ മാറ്റങ്ങളാണ് സർവകലാശാല നിയമഭേദഗതി ബില്ലിന്റെ ഉള്ളടക്കം. സിൻഡിക്കറ്റ്, സെനറ്റ്, ബോർഡ് ഓഫ് ഗവേണൻസ് തുടങ്ങിയ ഭരണ സംവിധാനങ്ങൾ കൂടുതൽ ജനാധിപത്യപരമാക്കുന്ന നിർദേശങ്ങളാണ് ബില്ലിലുള്ളത്.

## മിസ്റ്റർ ചീഫ് മിനിസ്റ്റർ എന്ന് വിളിച്ച് ചെന്നിത്തല; ക്ഷുഭിതനായി മുഖ്യമന്ത്രി

തിരുവനന്തപുരം: രമേശ് ചെന്നിത്തലയുടെ അടിയന്തരപ്രമേയ പ്രസംഗത്തിലെ മിസ്റ്റർ ചീഫ് മിനിസ്റ്റർ വിളിയിൽ ക്ഷുഭിതനായി മുഖ്യമന്ത്രി പിണറായി വിജയൻ. അനാവശ്യ കാര്യങ്ങൾ പറയരുതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഓരോ വിഷയത്തിലും മിസ്റ്റർ ചീഫ് മിനിസ്റ്റർ എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഓരോ ചോദ്യത്തിനും താൻ ഉത്തരംപറയണോ പഠിപ്പിക്കാൻ നോക്കേണ്ട.

നാടിന്റെ പ്രശ്നം മനസിലാക്കാൻ ശ്രമിക്കണം. ഇതൊക്കെയാണോ ഇവിടെ സംസാരിക്കേണ്ടതെന്ന് മുഖ്യമന്ത്രി ചോദിച്ചു.

എന്നാൽ എഴുതിതന്നത് പറയാനല്ല പ്രതിപക്ഷം ഇരിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ തിരിച്ചടിച്ചു. നിങ്ങളാണ് കേരളത്തിന്റെ ആഭ്യന്തരമന്ത്രി, നിങ്ങളെ കുറ്റപ്പെടുത്തും. അതിൽ അസഹിഷ്ണുത എന്തിനാണെന്നും സതീശൻ ചോദ്യം ഉന്നയിച്ചു.

സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യം വച്ചാണ് പ്രതിപക്ഷം സംസാരിക്കുന്നതെന്ന് മന്ത്രി പി.രാജീവ് കുറ്റപ്പെടുത്തി. നോട്ടീസിൽ പരാമർശിച്ച വിഷയമാണ് സംസാരിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. താൻ എന്ത് സംസാരിക്കണമെന്ന് മുഖ്യമന്ത്രി തീരുമാനിക്കേണ്ടെന്ന് ചെന്നിത്തല പറഞ്ഞു. മിസ്റ്റർ ചീഫ് മിനിസ്റ്റർ എന്ന് വിളിക്കുന്നത് അൺ പാർലമെൻററി അല്ല.കേരളത്തിലെ കൂട്ടക്കൊലപാതകവും ലഹരിയുടെ വ്യാപനവും തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്നത് സത്യമാണെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു.

## വെൻറിലേറ്റർ സഹായം മാറ്റി, ഓക്സിജൻ തുടരും; മാർപാപ്പയുടെ ആരോഗ്യനില തൃപ്തികരം

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനില തൃപ്തികരമായി തുടരുന്നു എന്ന് റിപ്പോർട്ട്. അദ്ദേഹത്തിന് മെക്കാനിക്കൽ വെൻറിലേഷൻ ഇനി ആവശ്യമില്ല, പകരം ഓക്സിജൻ മാത്രമേ ആവശ്യമായുള്ളൂ എന്നും അദ്ദേഹത്തിന് ഇപ്പോൾ പനി ഇല്ലെന്നും മാർപാപ്പയുടെ ഓഫീസ് പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു.ആശുപത്രിയിൽ പ്രവേശിപ്പിച്ച ദിവസങ്ങളിൽ തന്നെ പരിചരിച്ചവരോടൊപ്പം മാർപാപ്പ വിശുദ്ധ കുർബാനയിൽ പങ്കെടുത്തതായും അദ്ദേഹം ഭക്ഷണം കഴിക്കുകയും രാത്രി സുഖമായി ഉറങ്ങുകയും ചെയ്തെന്നും ഓഫീസ് വ്യക്തമാക്കി.ശ്വാസകോശ അണുബാധ മൂലം ഫെബ്രുവരി 14 മുതൽ ഫ്രാൻസിസ് മാർപാപ്പ റോമിലെ ആശുപത്രിയിൽ ചികിത്സയിലാണ്.

## ട്രോളിംഗ് ബോട്ട് നീറ്റിലിറക്കുന്നതിനിടെ അപകടം: മൽസ്യത്തൊഴിലാളി മരിച്ചു



കൊല്ലം. ശക്തികുളങ്ങര: ട്രോളിംഗ് ബോട്ട് നീറ്റിലിറക്കുന്നതിനിടെ അപകടത്തിൽപ്പെട്ടു കുഴഞ്ഞുവീണ മുതിർന്ന മൽസ്യത്തൊഴിലാളി ജോൺസൺ മത്യാസ് അന്തരിച്ചു.കൊല്ലം കുരീപ്പുഴയിലുള്ള ബോട്ട് യാഡിൽ നിന്നും അറ്റകുറ്റ പണികൾക്കു ശേഷം നീറ്റിലിറക്കിയ ബോട്ടിന്റെ റെഡ്ഡർ പ്രവർത്തന ക്ഷമമാക്കുവാൻ വെള്ളത്തിലിറങ്ങിയ ശക്തികുളങ്ങര തൈത്തോപ്പിൽ ജോൺസൺ മത്യാസാണ് ദേഹാസ്വാസ്ഥ്യം മൂലം മരണത്തിനു കീഴടങ്ങിയത്.ദീർഘകാലം മൽസ്യബന്ധന പാരമ്പര്യമുള്ള ജോൺസൺ അടുത്ത നാളുകളായി ട്രോളിംഗ് ബോട്ടുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളായിരുന്നു നടത്തിയിരുന്നത്.ശക്തികുളങ്ങരയിലെ സാമൂഹ്യ,സാംസ്കാരിക മേഖലകളിൽ കൈയ്യൊപ്പു ചാർത്തിയിട്ടുള്ള ജോൺസൺ മത്യാസ് പ്രായഭേദമന്യേയുള്ള തീര സൗഹൃദവലയത്തിന്റെ ഉടമയായിരുന്നു.ഭാര്യ പരേതയായ എലിസബത്ത് ജോൺസൺ.മക്കൾ ഇഗ്നേഷ്യസ് ലെയോള,അനിൽ ജോൺസൺ,ജെറി ചെറിയാച്ചൻ,ജെയ്സൺ ജോൺസൺ.

## വയനാട് ദുരന്തബാധിതരുടെ പുനരധിവാസം; മൂന്നാം ഘട്ട പട്ടിക പ്രസിദ്ധീകരിച്ചു

കൽപ്പറ്റ: വയനാട് ദുരന്തബാധിതരുടെ പുനരധിവാസത്തിനായുള്ള മൂന്നാം ഘട്ട പട്ടിക പ്രസിദ്ധീകരിച്ചു. പുനരധിവാസത്തിനുള്ള 2ബി ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്.

പുനരധിവാസത്തിനുള്ള അവസാന കരട് പട്ടികയാണ് ഇന്ന് പുറത്ത് വിട്ടത്. പട്ടികയിൽ ആക്ഷേപവും പരാതികളുമുണ്ടെങ്കിൽ 10 ദിവസത്തിനുള്ളിൽ അറിയിക്കാം.

70 കുടുംബങ്ങളാണ് മൂന്നാമത്തെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. വാർഡ് 11 ൽ 37 കുടുംബങ്ങളാണുള്ളത്. വാർഡ് 10ൽ 18 കുടുംബങ്ങളും, വാർഡ് 12 ൽ 15 കുടുംബങ്ങളുമാണ് പട്ടികയിലുൾപ്പെട്ടത്. നേരത്തെ പുറത്തുവിട്ട ആദ്യ ഘട്ട പട്ടികയിൽ 242 കുടുംബങ്ങളും രണ്ടാം ഘട്ട പട്ടികയിൽ 81 കുടുംബങ്ങളും ആണ് ഉൾപ്പെട്ടിട്ടുള്ളത്.

അതേസമയം വയനാട് ഉരുൾപൊട്ടൽ പുനരധിവാസത്തിന്റെ വായ്പയുടെ വിനിയോഗ സമയപരിമിതിയിൽ കേന്ദ്രം വ്യക്തത വരുത്തണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടു.





'കേരള കെയര്‍ പാലിയേറ്റീവ് കെയര്‍ ഗ്രിഡിന്റെ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയന്‍ നിര്‍വഹിക്കുന്നു

# 'കേരള കെയര്‍'പാലിയേറ്റീവ് കെയര്‍ ഗ്രിഡ്: മുഖ്യമന്ത്രി നാടിന് സമര്‍പ്പിച്ചു

പാലിയേറ്റീവ് പരിചരണം ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ 'കേരള കെയര്‍'പാലിയേറ്റീവ് കെയര്‍ ഗ്രിഡിന്റെ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയന്‍ നിര്‍വഹിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോര്‍ജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് എന്നിവര്‍ സന്നിഹിതരായി.

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് പാലിയേറ്റീവ് കെയര്‍ ഗ്രിഡ്. പുതിയ രോഗികളെ രജിസ്റ്റര്‍ ചെയ്ത് തുടര്‍പരിചരണം നല്‍കല്‍, സന്നദ്ധ പ്രവര്‍ത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നല്‍കല്‍, പാലിയേറ്റീവ് കെയര്‍ പ്രവര്‍ത്തനങ്ങള്‍ നടത്തിവരുന്ന സന്നദ്ധ സംഘടനകള്‍ക്ക് രജിസ്ട്രേഷന്‍ നല്‍കല്‍, പൊതുജനങ്ങള്‍ക്ക് ആവശ്യമായ സേവനങ്ങള്‍ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവര്‍ത്തങ്ങള്‍ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാര്‍ഡ് തലങ്ങളില്‍ ഡാഷ് ബോര്‍ഡ്, പൊതുജനങ്ങള്‍ക്കുള്ള ഡാഷ് ബോര്‍ഡ് എന്നിവയാണ് പാലിയേറ്റീവ് കെയര്‍ ഗ്രിഡിലൂടെ നിര്‍വഹിക്കുന്നത്.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തില്‍ കേരള ഡിജിറ്റല്‍ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.

ഇന്ത്യയില്‍ സാന്ത്വന പരിചരണ പ്രവര്‍ത്തനങ്ങള്‍ ഏറ്റവും മികച്ച രീതിയില്‍ നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഈ സര്‍ക്കാരിന്റെ കാലത്ത് കേരളത്തിലെ സാന്ത്വന പരിചരണ പ്രവര്‍ത്തനങ്ങളെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിരുന്നു. മാത്രവുമല്ല കേരളത്തിലെ പാലിയേറ്റീവ് പരിചരണ പ്രവര്‍ത്തനങ്ങളെ ലോകാരോഗ്യ സംഘടന മാതൃകയായി അംഗീകരിച്ചിട്ടുമുണ്ട്. നവകേരളം കര്‍മ്മ പദ്ധതി രണ്ട് ആര്‍ദ്രം മിഷനിലെ പത്ത് പ്രധാന പ്രവര്‍ത്തന മേഖലകളിലൊന്നാണ് പാലിയേറ്റീവ് കെയര്‍. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ സമഗ്ര പാലിയേറ്റീവ് കെയര്‍ ആക്ഷന്‍ പ്ലാന്‍ പ്രകാരമാണ് പാലിയേറ്റീവ് കെയര്‍ ഗ്രിഡ് രൂപീകരിച്ചത്. കിടപ്പിലായ ഓരോ രോഗിയുടെയും സമീപ പ്രദേശത്ത് പരിശീലനം ലഭിച്ച ഒരു സന്നദ്ധ പ്രവര്‍ത്തകന്റെ സേവനം ഉറപ്പാക്കി വരുന്നു. എല്ലാ ജില്ലകളിലും പാലിയേറ്റീവ് പരിശീലന കേന്ദ്രങ്ങള്‍ ആരംഭിച്ചു. ഇതിന് പുറമേയാണ് സാന്ത്വന പരിചരണം ഏകോപിപ്പിക്കുന്നതിന് പാലിയേറ്റീവ് കെയര്‍ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തില്‍ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെയാണ് പാലിയേറ്റീവ് പരിചരണം നടിപ്പിലാക്കി വരുന്നത്.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരന്‍, ആരോഗ്യ വകുപ്പ് പ്രിന്‍സിപ്പല്‍ സെക്രട്ടറി ഡോ. രാജന്‍ എന്‍ ഖോബ്രഗഡെ, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യല്‍ സെക്രട്ടറി ടി.വി. അനുപമ, പ്രിന്‍സിപ്പല്‍ ഡയറക്ടര്‍ ശ്രീറാം സാംബശിവ റാവു, സാമൂഹ്യനീതി വകുപ്പ് ഡയക്ടര്‍ അദീല അബ്ദുള്ള, എന്‍.എച്ച്.എം. സ്റ്റേറ്റ് മിഷന്‍ ഡയറക്ടര്‍ ഡോ. വിനയ് ഗോയല്‍, ആരോഗ്യ വകുപ്പ് ഡയറക്ടര്‍ ഡോ. കെ.ജെ. റീന, ഡോ. ബിപിന്‍ ഗോപാല്‍, ഡോ. മഹേഷ്, ഡോ. മാത്യൂസ് നമ്പേലി, കെ.എം. സീന, പ്യൂപ്പിള്‍ഫസ്റ്റ് ഹെഡ് ഓഫ് ഡിജിറ്റല്‍ പബ്ലിക് ഗുഡ്സ് ബോധിഷ് തോമസ്, സോഷ്യല്‍ പോളിസി ഹെഡ് രഞ്ജിത് ബാലാജി എന്നിവര്‍ പങ്കെടുത്തു.

# അള്‍ട്രാവയലറ്റ് രശ്മികളെ സൂക്ഷിക്കുക! കൂടുതല്‍ പതിച്ചത് കോന്നിയില്‍, അഞ്ചിടത്ത് ഓറഞ്ച് അലര്‍ട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് താപനില കൂടുന്നതിനൊപ്പം അള്‍ട്രാവയലറ്റ് രശ്മികളെയും സൂക്ഷിക്കണമെന്ന് മുന്നറിയിപ്പ്. ദുരന്ത നിവാരണ അഥോറിറ്റി പുറത്തുവിട്ട കണക്ക് പ്രകാരം അഞ്ചു കേന്ദ്രങ്ങളില്‍ ഓറഞ്ച് അലര്‍ട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

ദുരന്ത നിവാരണ അഥോറിറ്റി സ്ഥാപിച്ച 14 സ്റ്റേഷനുകളിലെ തത്സമയ അള്‍ട്രാ വയലറ്റ് സൂചികാ വിവരങ്ങളാണ് പങ്കുവച്ചത്. പട്ടിക പ്രകാരം, കഴിഞ്ഞ 24 മണിക്കൂറിനിടെ സംസ്ഥാനത്ത് ഏറ്റവും കൂടുതല്‍ അള്‍ട്രാവയലറ്റ് രശ്മികള്‍ പതിച്ചത് പത്തനംതിട്ടയിലെ കോന്നിയിലാണ്. അള്‍ട്രാ വയലറ്റ് സൂചിക അനുസരിച്ച് കോന്നിയില്‍ പത്താണ് രേഖപ്പെടുത്തിയത്.

അള്‍ട്രാ വയലറ്റ് സൂചിക ആറുമുതല്‍ ഏഴുവരെയെങ്കില്‍ യെല്ലോ അലര്‍ട്ടും എട്ടു മുതല്‍ പത്തുവരെയെങ്കില്‍ ഓറഞ്ച് അലര്‍ട്ടും 11നു മുകളിലേക്കാണെങ്കില്‍ റെഡ് അലര്‍ട്ടുമാണ് നല്‍കുക.

ഇതുപ്രകാരം കൊട്ടാരക്കര (എട്ട്), മൂന്നാര്‍ (എട്ട്), തൃത്താല (എട്ട്), പൊന്നാനി (എട്ട്) എന്നിങ്ങനെയാണ് ഓറഞ്ച് അലര്‍ട്ട് വരുന്ന മറ്റു പ്രദേശങ്ങള്‍. അതേസമയം, ചങ്ങനാശേരി (ഏഴ്), ചെങ്ങന്നൂര്‍ (ഏഴ്), കളമശേരി (അഞ്ച്), ഒല്ലൂര്‍ (ഏഴ്) എന്നിവിടങ്ങളില്‍ യെല്ലോ അലര്‍ട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

തുടര്‍ച്ചയായി കൂടുതല്‍ സമയം അള്‍ട്രാവയലറ്റ് രശ്മികള്‍ ശരീരത്തില്‍ ഏല്‍ക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങള്‍ക്കും നേത്രരോഗങ്ങള്‍ക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങള്‍ക്കും കാരണമായേക്കാം. പൊതുജനങ്ങള്‍ സുരക്ഷാമുന്‍കരുതലുകള്‍ സ്വീകരിക്കണമെന്നും ദുരന്തനിവാരണ അഥോറിറ്റി അറിയിച്ചു.

പകല്‍ 10 മുതല്‍ മൂന്നു മണി വരെയുള്ള സമയങ്ങളിലാണ് ഉയര്‍ന്ന അള്‍ട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. ആയതിനാല്‍ ആ സമയങ്ങളില്‍ കൂടുതല്‍ നേരം ശരീരത്തില്‍ നേരിട്ട് സൂര്യപ്രകാശം ഏല്‍ക്കുന്നത് പരമാവധി ഒഴിവാക്കുക.പുറംജോലികളില്‍ ഏര്‍പ്പെടുന്നവര്‍, കടലിലും ഉള്‍നാടന്‍ മല്‍സ്യബന്ധനത്തിലും ഏര്‍പ്പെടുന്ന മത്സ്യത്തൊഴിലാളികള്‍, ജലഗതാഗതത്തിലേര്‍പ്പെടുന്നവര്‍, ബൈക്ക് യാത്രക്കാര്‍, വിനോദസഞ്ചാരികള്‍, ചര്‍മ രോഗങ്ങളുള്ളവര്‍, നേത്ര രോഗങ്ങളുള്ളവര്‍, കാന്‍സര്‍ രോഗികള്‍, മറ്റ് രോഗ പ്രതിരോധശേഷി കുറഞ്ഞ വിഭാഗങ്ങള്‍ തുടങ്ങിയവര്‍ പ്രത്യേകം ജാഗ്രത പാലിക്കണം.

പകല്‍ സമയത്ത് പുറത്തേക്ക് ഇറങ്ങുമ്പോള്‍ തൊപ്പി, കുട, സണ്‍ഗ്ലാസ് എന്നിവ ഉപയോഗിക്കാന്‍ ശ്രമിക്കുക. ശരീരം മുഴുവന്‍ മറയുന്ന കോട്ടണ്‍ വസ്ത്രങ്ങള്‍ ഉപയോഗിക്കുന്നതായിരിക്കും ഉചിതം.

യാത്രകളിലും മറ്റും ഇടവേളകളില്‍ തണലില്‍ വിശ്രമിക്കാന്‍ ശ്രമിക്കുക.

മലമ്പ്രദേശങ്ങള്‍, ഉഷ്ണമേഖലാ പ്രദേശങ്ങള്‍ തുടങ്ങിയവയില്‍ പൊതുവെ തന്നെ അള്‍ട്രാവയലറ്റ് സൂചിക ഉയര്‍ന്നതായിരിക്കും. മേഘങ്ങളില്ലാത്ത തെളിഞ്ഞ ആകാശമാണെങ്കിലും ഉയര്‍ന്ന അള്‍ട്രാവയലറ്റ് സൂചികയുണ്ടാവാം. ഇതിന് പുറമെ ജലാശയം, മണല്‍ തുടങ്ങിയ പ്രതലങ്ങള്‍ അള്‍ട്രാവയലറ്റ് രശ്മികളെ പ്രതിഫലിപ്പിക്കുന്നതിനാല്‍ ഇത്തരം മേഖലകളിലും സൂചിക ഉയര്‍ന്നതായിരിക്കുമെന്നും മുന്നറിയിപ്പില്‍ പറയുന്നു.

# കരളകം പാടശേഖരത്തില്‍ കൃഷി പുനരാരംഭിക്കുന്നതിന് രണ്ടുകോടിയുടെ സമഗ്ര പദ്ധതി ആവിഷ്കരിക്കും: കൃഷി മന്ത്രി പി. പ്രസാദ്

ആലപ്പുഴ നഗരസഭയിലെ കരളകം പാടശേഖരത്തില്‍ വിവിധ കാരണങ്ങളാല്‍ മുടങ്ങിക്കിടക്കുന്ന നെല്‍കൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസന പ്രവര്‍ത്തനങ്ങള്‍ ഉള്‍പ്പെടെ രണ്ടു കോടിയുടെ സമഗ്ര വികസന പദ്ധതി ആവിഷ്കരിച്ച് അടിയന്തരമായി നടപ്പിലാക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ്.

കേരള നിയമസഭ കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗത്തില്‍ സംസാരിക്കുകയായിരുന്നു മന്ത്രി. ഏതാണ്ട് 70 ഏക്കറോളം വിസ്തൃതിയുള്ള പാടശേഖരത്തില്‍ ജല ആഗമന നിര്‍ഗമന സംവിധാനങ്ങളിലെ അപര്യാപ്തത, ബണ്ടുകളില്‍ ചളി നിറഞ്ഞ് ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന സ്ഥിതി, കാര്‍ഷിക യന്ത്രങ്ങള്‍ പാടശേഖരത്തിലേക്ക് എത്തിക്കുന്നതിന് സൗകര്യമില്ലായ്മ, പുറം ബണ്ടുകളിലെ ബലക്ഷയം തുടങ്ങി നിരവധി പ്രശ്നങ്ങളാല്‍ കഴിഞ്ഞ നാലുവര്‍ഷമായി കൃഷിയിറക്കാന്‍ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളതെന്ന് യോഗത്തില്‍ ആലപ്പുഴ എംഎല്‍എ, പി പി ചിത്രരഞ്ജന്‍ അറിയിച്ചു.

നഗരസഭയിലെ 4 വാര്‍ഡുകളിലായി നിലകൊള്ളുന്ന കരളകം പാടശേഖരത്തിന്റെ പ്രശ്ന പരിഹാരത്തിന് മുന്‍ വര്‍ഷങ്ങളില്‍ ഫണ്ട് വകയിരുത്തി പ്രശ്ന പരിഹാരത്തിന് ശ്രമിച്ചിട്ടുണ്ടെന്നും എന്നാല്‍ കഴിഞ്ഞ നാല് വര്‍ഷമായി കൃഷിയിറക്കാന്‍ കഴിയാതെ വന്നതോടെ ഇവിടം സാമൂഹിക വിരുദ്ധരുടെയും ഇഴ ജന്തുക്കളുടെയും താവളമായിമാറിയിരിക്കുകയാണെന്നും, ഇവയുടെ‌ഒക്കെ ശാശ്വത പരിഹാരത്തിന് കൃഷിവകുപ്പിന്റെ ഇടപെടല്‍ അത്യന്താപേക്ഷിതമാണെന്നും ചെയര്‍പേഴ്സണ്‍ കെ കെ ജയമ്മ യോഗത്തില്‍ അറിയിച്ചു.

കൃഷിവകുപ്പ് എന്‍ജിനീയറിങ് വിഭാഗത്തിനോട് (സ്റ്റേറ്റ് അഗ്രികള്‍ച്ചറല്‍ എന്‍ജിനീയര്‍) 10 ദിവസത്തിനകം ഒരു പഠനം നടത്തി വിശദമായ പ്രൊപ്പോസല്‍ സമര്‍പ്പിക്കാന്‍ കൃഷി മന്ത്രി നിര്‍ദേശം നല്‍കി. പാടശേഖരത്തിലെ ജലസേചന സംവിധാനം, പുനഃരുജ്ജീവനം, പുറം ബണ്ട് ബലപ്പെടുത്തല്‍, 4 പമ്പ് ഹൗസുകളുടെനിര്‍മ്മാണം, കാര്‍ഷിക യന്ത്രങ്ങള്‍ ഉള്‍പ്പെടെ പാടശേഖരത്തില്‍ എത്തിക്കുന്നതിന് ട്രാക്ടര്‍ ബ്രിഡ്ജുകള്‍ ഉള്‍പ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവര്‍ത്തനങ്ങള്‍ക്ക്, കൃഷി വകുപ്പിന്റെയും എം.എല്‍.എ ഫണ്ട്, നഗരസഭ ഫണ്ട് എന്നിവ സംയോജിപ്പിച്ചുകൊണ്ട് രണ്ടു കോടിയുടെ പദ്ധതി നടപ്പിലാക്കുമെന്ന് മന്ത്രി അറിയിച്ചു.

പാടശേഖരത്തിന്റെ റിസര്‍വ്വേനടപടിക്രമങ്ങള്‍ പൂര്‍ത്തിയാക്കുന്നതിന് റവന്യൂ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

ആലപ്പുഴ നഗരസഭാ വികസനകാര്യ സ്റ്റാന്‍ഡിങ് കമ്മിറ്റി ചെയര്‍പേഴ്സണ്‍ സതീദേവി എം ജി, കൗണ്‍സിലര്‍ അമ്പിളി അരവിന്ദ്, കൃഷിവകുപ്പ് ഡയറക്ടര്‍ ശ്രീരാം വെങ്കിട്ടരാമന്‍, കര്‍ഷകപ്രതിനിധി കെ സി ജോസഫ്, കൃഷി അഡീഷണല്‍ ഡയറക്ടര്‍ മീന ടി ഡി, അഡീഷണല്‍ സെക്രട്ടറി സുരേഷ് കുമാര്‍ കെ, സ്റ്റേറ്റ് അഗ്രികള്‍ച്ചറല്‍ എന്‍ജിനീയര്‍ വി ബാബു, ആലപ്പുഴ പ്രിന്‍സിപ്പല്‍ കൃഷി ഓഫീസര്‍ അമ്പിളി സി തുടങ്ങിയവര്‍ പങ്കെടുത്തു.

# ഉടമസ്ഥാവകാശം തീര്‍പ്പായില്ല : സ്മാര്‍ട്ട് വില്ലേജ് ഓഫീസിനായി കാത്തിരിപ്പ് നീളുന്നു

കുളത്തൂപ്പുഴ: സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വകുപ്പുകള്‍ തമ്മിലുള്ള തര്‍ക്കം കീറാമുട്ടിയായി തുടരുന്നതിനാല്‍ സ്മാര്‍ട്ട് വില്ലേജ് ഓഫീസിനായുള്ള കാത്തിരിപ്പ് നീളുകയാണ്. തിങ്കള്‍ക്കരിക്കം സ്മാര്‍ട്ട് വില്ലേജ് ഓഫീസ് കെട്ടിട നിര്‍മാണം വാനം തോണ്ടലില്‍ അവസാനിച്ചിട്ട് മൂന്ന് വര്‍ഷം പിന്നിടുന്നു.

വില്ലേജ് ഓഫീസ് നിര്‍മിക്കുന്നതിനായി റവന്യൂ വകുപ്പ് അധികൃതര്‍ കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വനം വകുപ്പുമായുള്ള തര്‍ക്കം പരിഹരിക്കുന്നതിനായി മന്ത്രി തല ചര്‍ച്ച സംഘടിപ്പിക്കുമെന്ന് ഉറപ്പ് നല്‍കിയെങ്കിലും പിന്നീട് ചര്‍ച്ചയ്ത്ത് ആരും രംഗത്തില്ലെന്നാണ് നാട്ടുകാര്‍ പറയുന്നത്. കിലോമീറ്ററുകള്‍ അകലെ സ്വകാര്യ കെട്ടിടത്തിലെ ഇടുങ്ങിയ മുറിയില്‍ പ്രവര്‍ത്തിക്കുന്ന വില്ലേജ് ഓഫീസില്‍ നിന്ന് തിരിയാന്‍ ഇടമില്ലാതെ ജനം വലയുകയാണ്.

മുന്‍ സര്‍ക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതി പ്രകാരം കേരളത്തിലെ 129 വില്ലേജ് ഓഫീസുകള്‍ സ്മാര്‍ട്ടാക്കുന്നതിന്റെ ഭാഗമായി തിങ്കള്‍ക്കരിക്കം വില്ലേജ് ഓഫീസ് കെട്ടിടം നിര്‍മിക്കുന്നതിനായി റവന്യൂ വകുപ്പ് കണ്ടെത്തിയ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തര്‍ക്കം നാലു വര്‍ഷമായിട്ടും പരിഹരിക്കാന്‍ കഴിഞ്ഞില്ല. ഇതോടെ വില്ലേജ് ഓഫീസ് കെട്ടിട നിര്‍മാണം അടിത്തറ തോണ്ടല്‍ മാത്രമായി അവസാനിച്ചു.

കഴിഞ്ഞ 2021 മേയില്‍ താല്‍കാലികമായി കിലോമീറ്ററുകള്‍ അകലെയുള്ള സ്വകാര്യ കെട്ടിടത്തിലേക്ക് മാറ്റി പ്രവര്‍ത്തനം ആരംഭിച്ച വില്ലേജ് ഓഫീസ്! സ്ഥല പരിമിതി മൂലം വീര്‍പ്പുമുട്ടുകയാണ്.

വര്‍ഷങ്ങള്‍ക്ക് മുമ്പ് തിങ്കള്‍ക്കരിക്കം ജംഗ്ഷനു സമീപം വനം വകുപ്പിന്റെ കൈവശത്തിലിരുന്ന തരിശു ഭൂമി പഞ്ചായത്തിനു വിട്ടു നല്‍കാന്‍ വകുപ്പ് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. എന്നാല്‍ വനഭൂമി ഏറ്റെടുക്കുന്നതിലെ നൂലാമാലകള്‍ കാരണം നടപടികള്‍ക്ക് മുതിരാതെ അന്നത്തെ റവന്യൂ ഉദ്യോഗസ്ഥര്‍ ഉപേക്ഷിക്കുകയായിരുന്നു. ജനവാസ മേഖലയോട് ചേര്‍ന്നുള്ള ഭൂമി പ്രദേശവാസികളിലൊരാള്‍ കൈയേറാന്‍ ശ്രമം നടത്തുകയും റവന്യൂ, വനം വകുപ്പുകള്‍ ഇടപെട്ട് ഒഴിപ്പിക്കുകയും ചെയ്തിരുന്നു.

2021 ല്‍ തിങ്കള്‍ക്കരിക്കം വില്ലേജ് ഓഫീസ് ആധുനിക സൗകര്യങ്ങളൊരുക്കി സ്മാര്‍ട്ടാക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടം നിര്‍മാണത്തിന് ഈ സ്ഥലം റവന്യൂ വകുപ്പ് കണ്ടെത്തുകയായിരുന്നു. ഇവിടെ ഉണ്ടായിരുന്ന മരങ്ങള്‍ മുറിച്ചു മാറ്റി കെട്ടിടത്തിന്റെ അടിത്തറ കെട്ടുന്നതിനായി സ്ഥലമൊരുക്കി വാനം തോണ്ടി കരിങ്കല്ലും മെറ്റലും മറ്റു നിര്‍മാണ സാമഗ്രികളും വൈദ്യുതി കണക്ഷന്‍ അടക്കം എത്തിച്ചു.

നിര്‍മാണ പ്രവര്‍ത്തികള്‍ ആരംഭിക്കവേ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തടസവാദവുമായി വനം വകുപ്പ് രംഗത്തെത്തിയതോടെ കെട്ടിട നിര്‍മാണം നിലയ്ക്കുകയുമായിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം ഇപ്പോഴും വനം വകുപ്പാണെന്നും റവന്യൂ വകുപ്പ് അനധികൃതമായി ഭൂമി കൈയേറിയതാണെന്നുമാണ് വനം വകുപ്പിന്റെ വാദം.

മൂന്നു വര്‍ഷം കഴിഞ്ഞിട്ടും നിര്‍മാണം അനന്തമായി നീണ്ടതോടെ നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പരാതികളുയരുകയും പി.എസ്. സുപാല്‍ എംഎല്‍എ സംഭവത്തില്‍ ഇടപെടുകയുമായിരുന്നു. ഇരു വകുപ്പുകളുമായി ചര്‍ച്ചകള്‍ നടത്തി പ്രശ്ന പരിഹാരത്തിനുള്ള ശ്രമങ്ങളാരംഭിക്കുകയും ചെയ്തു.

എന്നാല്‍ ഇരു വകുപ്പുകളുടെയും ഉദ്യോഗസ്ഥര്‍ തമ്മില്‍ സമവായത്തിലെത്താന്‍ കഴിയാത്തതാണ് നിര്‍മാണം നീളാന്‍ കാരണം. ഇതു സംബന്ധിച്ച് മന്ത്രിതല ചര്‍ച്ചക്ക് ശ്രമം നടത്തിയതായും മന്ത്രിമാരുടെ സമയം ലഭിക്കാത്തതിനാല്‍ ചര്‍ച്ച നടന്നില്ലെന്നും പ്രദേശത്തെ രാഷ്ട്രീയ നേതൃത്വങ്ങള്‍ പറഞ്ഞിരുന്നു.

# ഗാസയിലേക്കുള്ള സഹായ ട്രക്കുകള്‍ തടഞ്ഞ് ഇസ്രയേല്‍

ടെല്‍ അവീവ്: ഗാസയിലേക്കെത്തുന്ന സഹായ ട്രക്കുകള്‍ തടഞ്ഞ് ഇസ്രയേല്‍. ഒന്നാംഘട്ട വെടിനിര്‍ത്തല്‍ ആറ് ആഴ്ചത്തേക്കുകൂടി നീട്ടാനുള്ള നിര്‍ദേശം ഹമാസ് നിരാകരിച്ചതോടെയാണ് ഇസ്രയേലിന്റെ നടപടി.

അതേസമയം വില കുറഞ്ഞ ബ്ലാക്‌മെയില്‍ തന്ത്രം മാത്രമാണിതെന്നും അന്തര്‍ദേശീയ സമൂഹം ഇതിനെതിരെ രംഗത്തിറങ്ങണമെന്നും ഹമാസ് ആവശ്യപ്പെട്ടു. മൂന്നുഘട്ടങ്ങളായി വിഭാവനം ചെയ്യുന്ന ഗാസ വെടിനിര്‍ത്തലിന്റെ ജനുവരി 19നാരംഭിച്ച ആറാഴ്ച നീണ്ട ഒന്നാംഘട്ടം മാര്‍ച്ച് ഒന്നിന് അവസാനിച്ചിരുന്നു.

വീണ്ടും ആറാഴ്ചത്തേക്കുകൂടി ഒന്നാംഘട്ട വെടിനിര്‍ത്തല്‍ ദീര്‍ഘിപ്പിക്കണമെന്ന നിര്‍ദേശം യുഎസ് പ്രസിഡന്‍റ് ട്രംപിന്റെ പശ്ചിമേഷ്യാ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് ആണു മുന്നോട്ടു വച്ചത്. ഇസ്രയേലിന് ഇതു സമ്മതമാണെങ്കിലും ഹമാസ് അംഗീകരിക്കാന്‍ തയാറല്ല.

യുദ്ധം എന്നെന്നേക്കുമായി അവസാനിപ്പിക്കാനും ഗാസയില്‍ അവശേഷിക്കുന്ന ഇസ്രേലി ബന്ദികളെ മോചിപ്പിക്കാനും നിര്‍ദേശിക്കുന്നത് രണ്ടാം ഘട്ട വെടിനിര്‍ത്തലിലാണ്. രണ്ടാം ഘട്ട വെടിനിര്‍ത്തല്‍ സംബന്ധിച്ച് മധ്യസ്ഥരായ അമേരിക്ക, ഈജിപ്ത്, ഖത്തര്‍ എന്നിവരില്‍നിന്ന് ഉറപ്പു ലഭിച്ചാലേ ഒന്നാം ഘട്ട വെടിനിര്‍ത്തല്‍ ദീര്‍ഘിപ്പിക്കാന്‍ സമ്മതിക്കൂ എന്നാണു ഹമാസിന്റെ നിലപാട്.

# മലയാളി വെടിയേറ്റ് മരിച്ച സംഭവം; മൃതദേഹം നാട്ടില്‍ എത്തിക്കാനുള്ള ചെലവ് കുടുംബം വഹിക്കണമെന്ന് എംബസി

തിരുവനന്തപുരം: ജോര്‍ദാനില്‍ സുരക്ഷാസേനയുടെ വെടിയേറ്റു മരിച്ച തുമ്പ സ്വദേശി തോമസ് ഗബ്രിയേല്‍ പേരേരയുടെ മൃതദേഹം നാട്ടില്‍ എത്തിക്കാനുള്ള ചെലവ് കുടുംബം തന്നെ വഹിക്കണമെന്ന് ഇന്ത്യന്‍ എംബസി. തോമസിന്റെ ഭാര്യയ്ക്ക് അയച്ച കത്തിലാണ് എംബസി ഇക്കാര്യം അറിയിച്ചത്.

തലയില്‍ വെടിയേറ്റാണ് തോമസിന്റെ മരണമെന്ന് ഇന്ത്യന്‍ എംബസി അധികൃതര്‍ സ്ഥിരീകരിച്ചു. തോമസിന്റെ സാമഗ്രികള്‍ പോലീസില്‍ നിന്ന് എംബസി ഉദ്യോഗസ്ഥര്‍ ഇന്ന് സ്വീകരിക്കും.

എന്നാല്‍ മൃതദേഹം ജോര്‍ദാനില്‍ നിന്ന് നാട്ടില്‍ എത്തിക്കാനുള്ള ചെലവ് കേന്ദ്ര സര്‍ക്കാര്‍ വഹിക്കണമെന്നാവശ്യപ്പെട്ട് അടൂര്‍ പ്രകാശ് എംപി വിദേശകാര്യ മന്ത്രിക്ക് കത്തു നല്കിയിട്ടുണ്ട്.

തോമസിന്റെ കൂടെയുണ്ടായിരുന്ന തിരുവനന്തപുരം സ്വദേശി എഡിസന് കാലിലാണ് വെടിയേറ്റത്. ജോര്‍ദാനില്‍ നിന്ന് അനധികൃതമായി അതിര്‍ത്തി കടന്ന് ഇസ്രയേലിലേക്ക് പോകാന്‍ ശ്രമിക്കവെയാണ് ജോര്‍ദാനിയന്‍ അതിര്‍ത്തി സേന ഇവര്‍ക്ക് നേരെ വെടിവെച്ചത്.

ഇസ്രയേലിലേക്കുള്ള തൊഴില്‍ വിസ വാഗ്ദാനം ചെയ്ത് നാട്ടില്‍ നിന്ന് കൊണ്ടുപോയ ഏജന്‍സി ഇവരെ കബളിപ്പിക്കുകയായിരുന്നെന്നാണ് വിവരം. ഇവര്‍ക്ക് ജോര്‍ദാനിലേക്കുള്ള മൂന്ന് മാസത്തെ സന്ദര്‍ശക വിസയാണ് ഉണ്ടായിരുന്നത്.

ഫെബ്രുവരി അഞ്ചിനാണ് ഇവര്‍ ജോര്‍ദാനിലേക്ക് പോയത്. ഫെബ്രുവരി പത്തിന് ഇവര്‍ ഇസ്രയേല്‍ അതിര്‍ത്തി കടക്കാന്‍ ശ്രമിച്ചപ്പോഴായിരുന്നു വെടിയേറ്റത്.

# അസാപ് കേരള പവര്‍ഗ്രിഡ് കോര്‍പറേഷന്റെ സി.എസ്.ആര്‍ പ്രോജക്റ്റ് ഡൈവ് മാസ്റ്റര്‍ പ്രോഗ്രാമിന് തുടക്കമായി

സാഹസിക വിനോദ സഞ്ചാര മേഖലയില്‍ നിരവധി അവസരങ്ങളൊരുക്കികൊണ്ട് അസാപ് കേരള പവര്‍ഗ്രിഡ് കോര്‍പറേഷന്റെ സി.എസ്.ആര്‍ പ്രോജക്റ്റ് ഡൈവ് മാസ്റ്റര്‍ പ്രോഗ്രാമിന് തുടക്കമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസാപ് കേരള, പവര്‍ഗ്രിഡ് കോര്‍പ്പറേഷന്റെ കോര്‍പ്പറേറ്റ് സോഷ്യല്‍ റെസ്പോണ്‍സിബിലിറ്റി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ജഅഉക സര്‍ട്ടിഫൈഡ് ഡൈവ് മാസ്റ്റര്‍ പ്രോഗ്രാമിന് തുടക്കമായി. തിരുവനന്തപുരം ജില്ലാ കളക്ടര്‍ അനുകുമാരി പരിപാടി ഉദ്ഘാടനം ചെയ്തു. പദ്ധതി മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ മത്സ്യത്തൊഴിലാളി മേഖലയിലെ 20 യുവതി യുവാക്കള്‍ക്ക് ഡൈവിംഗ് കോഴ്സുകളില്‍ പരിശീലനം നല്‍കും. ഒരു വിദ്യാര്‍ത്ഥിക്ക് ഒരു ലക്ഷം രൂപയോളം പവര്‍ ഗ്രിഡ്ഡിന്റെ സിഎസ്ആര്‍ മുഖേന ലഭ്യമാക്കുന്നു. ഈ പദ്ധതിയിലേക്ക് പ്രവേശനം നേടിയവരില്‍ 2 പേര്‍ പെണ്‍കുട്ടികളാണ് എന്നത് ശ്രദ്ധേയമാണ്. അസാപ്പിന്റെ വിഴിഞ്ഞം കമ്മ്യൂണിറ്റി സ്കില്‍ പാര്‍ക്കില്‍ വെച്ച് ക്ലാസുകളും, കോവളം കടല്‍ കേന്ദ്രീകരിച്ച് പ്രായോഗിക പരിശീലനവും നടക്കും. ടൂറിസം, അഡ്വഞ്ചര്‍ മേഖലകളില്‍ നിരവധി തൊഴില്‍ അവസരങ്ങള്‍ ഉള്ള കോഴ്സാണിത്. യുവാകള്‍ക്ക് സ്വയം തൊഴിലിലും ഏര്‍പ്പെടാന്‍ കഴിയും. വാര്‍ഡ് കൗണ്‍സിലര്‍ പനയടിമ ജോണ്‍ അധ്യക്ഷനായി. ഫിഷറീസ് വകുപ്പ് അസിസ്റ്റന്റ് ഡയറക്ടര്‍ രാജേഷ് ടി എ മുഖ്യപ്രഭാഷണം നടത്തി. അസാപ് കേരള ഫണ്ടിങ് വിഭാഗം മേധാവി കമാന്‍ഡര്‍ വിനോദ് ശങ്കര്‍, പവര്‍ഗ്രിഡ് കോര്‍പറേഷന്‍ എച്ച് ആര്‍ ഓഫീസര്‍ രേഷ്മ ഗോപാല്‍ തുടങ്ങിയവര്‍ സംബന്ധിച്ചു. അസാപ് കേരള ഫണ്ടിങ് അസോസിയേറ്റ് ഡയറക്ടര്‍ ഇസ്മായില്‍ കെ ബഷീര്‍ സ്വാഗതവും അസാപ് കേരള പ്രോഗ്രാം മാനേജര്‍ അരുണ്‍ സി വിജയന്‍ നന്ദിയും പറഞ്ഞു.

## നീറ്റ് പി.ജി മെഡിക്കല്‍ യോഗ്യതാ ഇളവ് ; പുതുതായി അപേക്ഷിക്കാം

നീറ്റ് പി.ജി യോഗ്യതാ മാനദണ്ഡത്തില്‍ ഇളവ് വരുത്തിയതിനാല്‍ പുതിയ മാനദണ്ഡ പ്രകാരം യോഗ്യത നേടിയവര്‍ക്ക് പി.ജി മെഡിക്കല്‍ കോഴ്സുകള്‍ക്ക് അപേക്ഷിക്കാം. മാര്‍ച്ച് 4ന് വൈകിട്ട് 3 മണിവരെ ഓണ്‍ലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങള്‍ക്കv: www.c-e-e.k-er-a-l-a.gov.in, ഹെല്‍പ് ലൈന്‍: 04712525300, 2332120,

# സ്വകാര്യ സർവകലാശാല ബിൽ അവ്യക്തതകളുടെ കൂടാരം; ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് വിശദമായ ചർച്ച നടത്തണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് ഉന്നത സർവകലാശാലകളുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ വരികയാണ്. അതിൽ ആദ്യത്തേത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ബില്ലാണ്.

തത്വത്തിൽ പ്രതിപക്ഷം സ്വകാര്യ സർവകലാശാലകൾക്ക് എതിരല്ല. പക്ഷെ ഈ ബില്ലിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന ഗൗരവതരമായ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന ബില്ലല്ല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം നേരിടുന്ന പ്രശ്നങ്ങൾ കുട്ടികൾ മറ്റു രാജ്യങ്ങളിലേക്ക് പോകുന്നതിനെ തുടർന്നുണ്ടാകുന്ന ബ്രെയ്ൻ ഡ്രെയിനും സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളജുകളിൽ വിദ്യാർത്ഥികൾ കുറയുന്നതുമാണ്. പ്രധാനപ്പെട്ട കോളജുകളിൽ പോലും വിദ്യാർത്ഥികൾ ഇല്ലാത്ത സ്ഥിതിയാണ്. ഈ സാഹചര്യത്തിൽ വിദേശ സർവകലാശാലകൾ വന്ന് 40 ശതമാനം സീറ്റുകളിൽ സംവരണം നൽകിക്കഴിയുമ്പോൾ സർക്കാർ, എയ്ഡഡ്, സ്വകാര്യ കോളജുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറയും. അതുണ്ടാക്കുന്ന ആഘാതത്തെ കുറിച്ചുള്ള ഒരു പഠനവും നടത്തിയിട്ടില്ല. കേരളത്തിലെ കുട്ടികൾ വിദേശത്തേക്ക് പോകുന്നത് പഠിക്കുന്നതിനു വേണ്ടി മാത്രമല്ല. അവർ ജോലിക്ക് വേണ്ടിയാണ് പോകുന്നത്. ഇവിടെ സർവകലാശാലകൾ വന്നാൽ കുട്ടികൾ പുറത്തേക്ക് പോകില്ലെന്ന് പറയുന്നതിൽ യുക്തിയില്ല. മികച്ച സ്ഥാപനങ്ങൾ ഇല്ലാത്തതല്ല ബ്രെയ്ൻ ഡ്രെയ്നിന് കാരണം. ആർക്കും കോളജുകൾ ആരംഭിക്കാമെന്ന രീതി ശരിയല്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിരവധി വർഷങ്ങളായി പ്രവർത്തിക്കുന്ന വിശ്വാസ്യതയുള്ളവർക്ക് പരിഗണന നൽകണം. പ്രതിപക്ഷ നേതാവ് നിയമസഭ മീഡിയ റൂമിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിലെ പൊതു സർവകലാശാലകൾ വിദേശത്ത് എവിടെയെങ്കിലും കാമ്പസുകൾ തുടങ്ങുന്നതിന് അനുമതിയില്ല. എന്നാൽ കേരളത്തിൽ പുതുതായി വരുന്ന വിദേശ സർവകലാശാലകൾക്ക് കേരളത്തിന് പുറത്ത് കാമ്പസുകൾ തുടങ്ങാൻ അനുമതി നൽകിയിരിക്കുകയാണ്. ഇത് പൊതു സർവകലാശാലകളെ തകർക്കുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടില്ല.

വിദേശ സർവകലാശാലകളുടെ ഫീസ് അവർ തന്നെയാണ് നിശ്ചയിക്കുന്നത്. സർക്കാരിന് ഒരു നിയന്ത്രണവും ഇല്ലെന്നത് ദൗർഭാഗ്യകരമാണ്. ഒരു അക്കാദമിക് യോഗ്യതയും ഇല്ലാത്ത ആളെ പ്രവേശിപ്പിക്കുന്നതിനും ബിരുദം നൽകുന്നതിനും ഒരു തടസവും ഇല്ലെന്നാണ് ബില്ലിന്റെ 12(1)ൽ പറയുന്നത്. ഇത്തരത്തിൽ അവ്യക്തതകളുടെ കൂടാരമായ സ്വകാര്യ സർവകലാശാല ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണം. ഗൗരവതരമായ ചർച്ചയ്ക്കു ശേഷമെ ബിൽ കൊണ്ടു വരാവൂ. സ്വകാര്യ സർവകലാശാലകളെ ശക്തിപ്പെടുത്തുമ്പോൾ പൊതു സർവകലാശാലകളെ ദുർബലപ്പെടുത്തി സർക്കാരിന്റെ ഡിപ്പാർട്ട്മെന്റുകളാക്കി മാറ്റുന്നതാണ് രണ്ടും മൂന്നും സർവകലാശാല ഭേദഗതി ബില്ലുകൾ. താൽപര്യമില്ലാത്തവർ വൈസ് ചാൻസലർമാരാകുമെന്നു കരുതി വി. സിമാരുടെ അധികാരങ്ങൾ വെട്ടിക്കുറച്ചിരിക്കുകയാണ്.

ഗവർണറെയും വി. സിമാരെയും മാറ്റി നിർത്തി മന്ത്രിക്ക് സർവകലാശാലകളിൽ ഇടപെടാൻ അധികാരം നൽകിയിരിക്കുകയാണ്. ഇത്തരമൊരു രീതി ലോകത്ത് എവിടെയെങ്കിലും ഉണ്ടോ പ്രോ. ചാൻസിലറായ മന്ത്രിക്ക് അക്കാദമിക് കാര്യങ്ങളിൽ ഇടപെടാനും ബിരുദദാന ചടങ്ങുകളിൽ അധ്യക്ഷ സ്ഥാനം വഹിക്കാമെന്നുമാണ് പറയുന്നത്. ബോർഡ് ഓഫാ സ്റ്റഡീസിനെ നിയമിക്കാനുള്ള അധികാരം രാഷ്ട്രീയ പാർട്ടികൾ നിയമിക്കുന്ന സിൻഡിക്കേറ്റിന് നൽകിയിരിക്കുകയാണ്. കേരളത്തിലെ പൊതുസർവകലാശാലകളിലെ വി. സിമാരുടെ അധികാരങ്ങൾ പൂർണമായും വെട്ടിക്കുറയ്ക്കുമ്പോഴാണ് സ്വകാര്യ സർവകലാശാലകളിലെ വി. സിമാരെ കരുത്തന്മാരാക്കി മാറ്റുകയും ചെയ്യുന്ന പിന്തിരിപ്പൻ സമീപനമാണ് മൂന്നു ബില്ലുകളിലൂടെയും സർക്കാർ കൊണ്ടുവരുന്നത്.

ഡിഗ്രി പാസായില്ലെങ്കിലും പി. ജിക്ക് ചേരാവുന്ന അവസ്ഥയാണ്. ഈ സാഹചര്യത്തിൽ സ്വകാര്യ സർവകലാശാല ബിൽ സെലക്ട് കമ്മിറ്റിക്ക് വിടാനും മറ്റു രണ്ട് ബില്ലുകൾ പിൻവലിക്കാനും സർക്കാർ തയാറാകണം. ഈ നിർദേശം കാര്യോപദേശക സമിതിയിലും ഉന്നയിച്ചതാണ്. ആശ വർക്കർമാർക്ക് പിന്തുണ നൽകി എല്ലാ ജില്ലകളിലും കോൺഗ്രസ് മാർച്ച് നടത്തുന്നുണ്ട്. സമരം ചെയ്യുന്നവരെ ശത്രുക്കളെ പോലെ കാണുന്നത് ശരിയല്ല. ഓടിക്കൊണ്ടിരിക്കുന്ന ബസിന് തീവച്ച് നാല് പേരെ കൊലപ്പെടുത്തിയ പാർട്ടിയാണ് സി. പി. എം. അതേ സി. പി. എമ്മാണ് സമരം ചെയ്യുന്നവരെ അപമാനിക്കുന്നത്.

രാത്രി മഴ പെയ്യുമ്പോൾ നനയാതിരിക്കാൻ കെട്ടിയ ടാർപോളിൽ പൊലീസിനെക്കൊണ്ട് അഴിച്ചുമാറ്റുന്ന പിണറായി വിജയൻ കമ്മ്യൂണിസ്റ്റാണോ കെ. എസ്. ആർ. ടി. സിയിൽ സമരം ചെയ്യുന്നവർക്ക് ശമ്പളം എഴുതേണ്ടെന്നാണ് പറയുന്നത്. ആരോഗ്യമന്ത്രിയുടെ വീട്ടിലെത്തിയ സമരക്കാരെ ആക്ഷേപിച്ചു. സ്ത്രീകൾ സമരം ചെയ്യുമ്പോൾ സർക്കാർ എന്തിനാണ് ഭയപ്പെടുന്നത്. മറ്റു സമരങ്ങളോടൊന്നും ഇത്രയും ഭീഷണിയില്ലല്ലോ

## അബ്ദുൾ റഹീമിന്റെ മോചനം
## സൗദി കോടതി പരിഗണിച്ചെങ്കിലും ഇന്നും വിധിയുണ്ടായില്ല

റിയാദ്: സൗദി ജയിലിൽ കഴിയുന്ന കോഴിക്കോട് സ്വദേശി അബ്ദുൾ റഹീമിന്റെ മോചനവുമായി ബന്ധപ്പെട്ട കേസ് സൗദി കോടതി പരിഗണിച്ചെങ്കിലും ഇന്നും വിധിയുണ്ടായില്ല. കോടതി ആവശ്യപ്പെട്ടത് അനുസരിച്ച് ഗവർണറേറ്റ് ആഭ്യന്തരമന്ത്രാലയത്തിൽ നിന്ന് കേസ് ഫയലിന്റെ ഹാർഡ് കോപ്പി ആവശ്യപ്പെട്ടിട്ടുണ്ട്.കേസ് ഈ മാസം 18ന് വീണ്ടും പരിഗണിക്കും. കേസ് നീളുന്നതുമായി ബന്ധപ്പെട്ട് റഹീമിന്റെ അഭിഭാഷകൻ കഴിഞ്ഞ ദിവസം ഗവർണറെ കണ്ടിരുന്നു. മോചനം വൈകുന്നതിനാൽ ജാമ്യാപേക്ഷ നൽകിയതായി റഹീമിന്റെ അഭിഭാഷക ഡോ. റെന അറിയിച്ചിട്ടുണ്ട്.അബ്ദുൾ റഹീമിന്റെ മോചന ഉത്തരവ് ഇന്ന് ഉണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു കുടുംബം. ജൂലൈ രണ്ടിന് അബ്ദുൾ റഹീമിന്റെ വധശിക്ഷ കോടതി റദ്ദാക്കിയെങ്കിലും ജയിൽ മോചനം വൈകുകയാണ്. ബ്ലഡ് മണിയുടെ ചെക്കും രേഖകളും കോടതിയിലെത്തിച്ചതോടെ മോചനത്തിനായുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയായിരുന്നു. തുടർന്നാണ് വധശിക്ഷ റദ്ദ് ചെയ്ത് വിധിയെഴുതിയത്.സൗദി പൗരന്റെ വീട്ടിൽ ജോലി ചെയ്യുകയായിരുന്നു അബ്ദുൾ റഹീം. രോഗിയായ കുട്ടിയെ പരിചരിക്കുന്നതിനിടെ കുട്ടിയുടെ കഴുത്തിൽ സ്ഥാപിച്ച ജീവൻരക്ഷ ഉപകരണം അബ്ദുൾ റഹീമിന്റെ കൈതട്ടി പോകുകയും കുട്ടി മരിക്കുകയുമായിരുന്നു. തുടർന്ന് സൗദി കോടതി അബ്ദുൾ റഹീമിന് വധശിക്ഷ വിധിച്ചത്.

## ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത്

സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ തിരുവനന്തപുരം ഓഫീസിൽ നിന്നും വായ്പയെടുത്ത് ഒരു ലക്ഷത്തിന് മുകളിൽ കുടിശ്ശിക നിൽക്കുന്നതും റവന്യൂ റിക്കവറി നേരിടുന്നതുമായ തിരുവനന്തപുരം, നെടുമങ്ങാട് താലൂക്കുകളിലെ വായ്പകളിൽ ഒറ്റ തവണ തീർപ്പാക്കൽ മാർച്ച് 31 വരെ നടപ്പിലാക്കും. ഒറ്റ തവണ തീർപ്പാക്കലിന്റെ ഭാഗമായി മാർച്ച് 5നും 7നും തിരുവനന്തപുരം ജില്ലാ ഓഫീസിൽ നടക്കുന്ന അദാലത്തിൽ പിഴ പലിശയിൽ ഇളവ് അനുവദിക്കും.

## എ.ഐ അധിഷ്ഠിത സൈബർ സുരക്ഷയ്ക്ക് തുടക്കം

അനുദിനം വർധിച്ചുവരുന്ന സൈബർ ആക്രമണങ്ങളിൽ വ്യക്തികൾ മാത്രമല്ല സ്ഥാപനങ്ങളും സംഘടനകളും ഇരകളാണ്. ഗവേഷണസ്ഥാപനങ്ങൾ, സർവകലാശാലകൾ, സാമ്പത്തികസ്ഥാപനങ്ങൾ, സർക്കാർസ്ഥാപനങ്ങൾ എന്നിങ്ങനെ എല്ലാ മേഖലകളിലും സൈബർ ആക്രമണമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സേനയിലെ കമ്പ്യൂട്ടറുകളേയും, മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും സൈബർ സുരക്ഷാ കവചം ഒരുക്കാൻ കേരള പൊലീസ് നടപടി സ്വീകരിച്ചത്. കേരള പോലീസിന്റെ സൈബർ ഡിവിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേഷൻ സെൻററിനാണ് (S-O-C) മുഖ്യമന്ത്രി ഇന്ന് തുടക്കം കുറിച്ചത്. സൈബർ സുരക്ഷ പ്രതിരോധത്തിനുവേണ്ടി നിർമിത ബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേറ്റിങ് സെൻറർ നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനതല പൊലീസ് സേനയാണ് കേരള പൊലീസ്. കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിൽ ഉള്ള സെൻറർ ഫോർ ഡെവലപ്മെൻറ് ഓഫ് ടെലിമാറ്റിക്സ് ന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സുരക്ഷ പിഴവുകളെയും സൈബർ ഭീഷണികളെയും മുൻകൂട്ടി കണ്ടെത്തി അവയ്ക്കെതിരെ ഫലപ്രദമായി നടപടി സ്വീകരിക്കുകയും പൊലീസ് വകുപ്പിലെ മുഴുവൻ കമ്പ്യൂട്ടറുകളെയും 24 മണിക്കൂറും നിരീക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നതുവഴി ഡാറ്റായും മറ്റു പ്രധാനപ്പെട്ട വിവരങ്ങളും സംരക്ഷിക്കുന്നതിനും ആണ് S-O-C രൂപകല്പന ചെയ്തിരിക്കുന്നത്. സെക്യൂരിറ്റി ഓപ്പറേറ്റിങ് സെൻറർ (S-O-C) നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ പൊലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണറേറ്റ്, S-D-P-O-കൾ, തിരുവനന്തപുരം സിറ്റി പൊലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ എല്ലാ കമ്പ്യൂട്ടറുകളും, മേൽ കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഫയർവാളുകളുടെ ലോഗുകളും സെക്യൂരിറ്റി ഓപ്പറേറ്റിങ് സെൻററിൽ ഉൾപ്പെടുത്തി പരീക്ഷണ അടിസ്ഥാനത്തിൽ നിരീക്ഷിച്ചു വരുകയാണ്. കൂടാതെ ഈ വർഷം തന്നെ കേരളത്തിലെ എല്ലാ പൊലീസ് സ്റ്റേഷനുകളിലെയും കമ്പ്യൂട്ടറുകൾ ഉൾപ്പടെ പൊലീസ് ഡിപ്പാർട്മെൻറിലെ ഏകദേശം പതിനായിരത്തോളം കമ്പ്യൂട്ടറുകളെയും സെക്യൂരിറ്റി ഓപ്പറേറ്റിങ് സെൻററിൽ ഉൾപ്പെടുത്തി സുരക്ഷിതമാക്കുന്ന ഈ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു.

## ജർമ്മനിയിൽ സ്റ്റൈപ്പന്റോടെ നഴ്സിങ് പഠനം
## നോർക്ക ട്രിപ്പിൾവിൻട്രെയിനി പ്രോഗ്രാം സ്പോട്ട് ഇന്റർവ്യൂവിനും അവസരം

പ്ലസ്ടുവിനുശേഷം ജർമ്മനിയിൽ സ്റ്റൈപ്പന്റോടെ നഴ്സിങ് പഠനത്തിനും തുടർന്ന് ജോലിയ്ക്കും അവസരമൊരുക്കുന്ന നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ (ഔസ്ബിൽദുംഗ്) ഭാഗമായി 2025 മാർച്ച് അഞ്ചിന് തിരുവനന്തപുരത്ത് ഇൻഫോസെഷൻ സംഘടിപ്പിക്കുന്നു. ഇതിനോടൊപ്പം ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന്റെ രണ്ടാംബാച്ചിലേയ്ക്ക് ഒഴിവുള്ള 20 സ്ലോട്ടുകളിലേയ്ക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും നടക്കും. ബയോളജി ഉൾപ്പെടുന്ന സയൻസ് സ്ട്രീമിൽ, പ്ലസ് ടുവിന് കുറഞ്ഞത് 60 ശതമാനം മാർക്കുള്ള ജർമ്മൻ ഭാഷയിൽ B1 അല്ലെങ്കിൽ B2ലെവൽ പാസായ (ഗോയ്ഥേ, ടെൽക് , O-S-D, T-e-stD-a-f) വിദ്യാർത്ഥികൾക്കാണ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ പങ്കെടുക്കാൻ കഴിയുക.

സർട്ടിഫിക്കറ്റ് വെരിഫിക്കേഷനിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാർച്ച് ആറു മുതൽ 11 വരെ നടക്കുന്ന അഭിമുഖങ്ങളിലും പങ്കെടുക്കാൻ അവസരമുണ്ടാകും. താൽപര്യമുള്ള വിദ്യാർത്ഥികൾ തിരുവനന്തപുരം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഹാളിൽ (പ്രിയദർശിനി പ്ലാനറ്റോറിയം, പിഎംജി ജംഗ്ഷൻ) രാവിലെ ഒൻപതു മണിക്ക് നേരിട്ടെത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇംഗ്ലീഷിൽ തയാറാക്കിയ വിശദമായ സി.വി, മോട്ടിവേഷൻ ലെറ്റർ,ജർമ്മൻ ഭാഷാ യോഗ്യത, മുൻപരിചയം (ഓപ്ഷണൽ), വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ, മറ്റ് അവശ്യരേഖകൾ എന്നിവ സഹിതമാണ് ഹാജരാകേണ്ടത്. ആരോഗ്യ മേഖലയിലെ മുൻപരിചയം (ഉദാ. ജൂനിയർ റെഡ്ക്രോസ് അംഗത്വം) അധികയോഗ്യതയായി പരിഗണിക്കും. 18 നും 27 നും ( a-s on M-ar-c-h 1 st, 2025) ഇടയിൽ പ്രായമുള്ള കേരളീയരായ വിദ്യാർത്ഥികൾക്കാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിലേയ്ക്ക് അപേക്ഷിക്കാൻ കഴിയുക. ജർമ്മനിയിൽ രജിസ്ട്രേഡ് നഴ്സ് ആയി പ്രാക്ടീസ് ചെയ്യുന്നതിനുള്ള വൊക്കേഷണൽ നഴ്സിങ് ട്രെയിനിങ്ങാണ് പദ്ധതി വഴി ലഭിക്കുന്നത്. നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെൻറ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇൻറർനാഷണൽ കോഓപ്പറേഷനും സംയുക്തമായാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം സംഘടിപ്പിക്കുന്നത്. www.nor-k-aroo-ts.or-g www.n-i-f-l.nor-k-aroo-ts.or-g എന്നീ വെബ്ബ്സൈറ്റുകളിലും വിവരങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ 04712770536, 539, 540, 577 എന്നീ നമ്പറുകളിലോ (ഓഫീസ് സമയത്ത്, പ്രവൃത്തി ദിനങ്ങളിൽ) 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91 8802 012 345 (വിദേശത്തു നിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

## നോമ്പുകാലം മറ്റുള്ളവരെ പരിഗണിക്കാനുള്ള അവസരം: മാർപാപ്പ

വത്തിക്കാൻ സിറ്റി: മറ്റുള്ളവരെ പരിഗണിക്കാനുള്ള അവസരമാണ് നോമ്പുകാലമെന്ന് ഫ്രാൻസിസ് മാർപാപ്പ. ഒരുവന്റെ ജീവിതത്തെ ഒരു കുടിയേറ്റക്കാരനുമായോ വിദേശിയുമായോ താരതമ്യം ചെയ്യുക. അവരുടെ അനുഭവങ്ങളിൽ സഹതപിക്കുന്നത് എങ്ങനെയെന്ന് പഠിക്കുക.

അങ്ങനെ ദൈവം നമ്മോട് എന്താണ് ആവശ്യപ്പെടുന്നതെന്ന് കണ്ടെത്തുക. അങ്ങനെ നമുക്ക് പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ കൂടുതൽ മെച്ചമായി മുന്നേറാം മാർപാപ്പ പറയുന്നു. വലിയനോമ്പിലേക്കായി കഴിഞ്ഞ മാസം ആറിനു മാർപാപ്പ തയാറാക്കിയ നോമ്പുകാല സന്ദേശം കഴിഞ്ഞ 25നാണ് വത്തിക്കാൻ പുറത്തുവിട്ടത്.

സ്വയം പുകഴ്ത്തലും മറ്റുള്ളവരെ അടിച്ചമർത്തലും അസൂയയും കാപട്യവും ഒഴിവാക്കി മറ്റുള്ളവരുമായി യാത്ര ചെയ്തുകൊണ്ട് കൂടുതൽ സിനഡൽ ആയിരിക്കാൻ മാർപാപ്പ കത്തോലിക്കരോട് ആഹ്വാനം ചെയ്തു. 'നമ്മുക്കെല്ലാവർക്കും ഒരേ ദിശയിൽ നടക്കാം, ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങാം, സ്നേഹത്തിലും ക്ഷമയിലും പരസ്പരം വളരാം' മാർപാപ്പ ഉദ്ബോധിപ്പിച്ചു.

ജൂബിലിയുടെ കേന്ദ്രസന്ദേശമായ പ്രതീക്ഷ, ഈസ്റ്റർ വിജയത്തിലേക്കുള്ള നമ്മുടെ നോമ്പുകാല യാത്രയുടെ ശ്രദ്ധാകേന്ദ്രമായിരിക്കട്ടെയെന്ന് മാർപാപ്പ ആശംസിച്ചു. പരിവർത്തനത്തിലേക്കുള്ള ആദ്യപടി നമ്മളെല്ലാവരും ഈ ലോകജീവിതത്തിൽ തീർഥാടകരാണെന്ന തിരിച്ചറിവിൽനിന്നാണ്. നമ്മുടെ ജീവിതം ഈ വസ്തുതയെ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്ന് സ്വയം ചോദിക്കാൻ നിങ്ങളെ ഓരോരുത്തരെയും ഞാൻ ക്ഷണിക്കുന്നു.

ഞാൻ ശരിക്കും ഒരു യാത്രയിലാണോ, അതോ ഞാൻ നിശ്ചലമായി നിൽക്കുകയാണോ ഭയവും നിരാശയും മൂലം ചലനം നഷ്ടപ്പെട്ടവരെപ്പോലെയാണോ അല്ലെങ്കിൽ കംഫർട്ട് സോണിൽനിന്നു മാറാൻ വിമുഖത കാണിക്കുന്നുണ്ടോ പാപത്തിന്റെ അവസരങ്ങളും മനുഷ്യഅന്തസിനെ താഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാനുള്ള വഴികൾ ഞാൻ അന്വേഷിക്കുന്നുണ്ടോ സന്ദേശത്തിൽ മാർപാപ്പ ചോദിക്കുന്നു. ദൈവത്തിലും നിത്യജീവിതത്തിലും പ്രത്യാശിക്കാനും ആശ്രയിക്കാനുമുള്ള ആഹ്വാനവും നോമ്പുകാല പരിവർത്തനത്തിന്റെ പ്രധാന വശമാണെന്ന് മാർപാപ്പ പറഞ്ഞു. ആത്മശോധന ചെയ്യേണ്ട ചില ചോദ്യങ്ങളും മാർപാപ്പ നൽകുന്നുണ്ട്. കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നുവെന്ന് എനിക്ക് ബോധ്യമുണ്ടോ അതോ എനിക്ക് എന്നെത്തന്നെ രക്ഷിക്കാൻ കഴിയുമെന്ന് തോന്നുന്നുണ്ടോ ഞാൻ രക്ഷയ്ക്കായി കാംക്ഷിക്കുകയും അതു നേടുന്നതിന് ദൈവത്തിന്റെ സഹായം തേടുകയും ചെയ്യുന്നുണ്ടോ ചരിത്രത്തിലെ സംഭവങ്ങളെ വ്യാഖ്യാനിക്കാനും നീതിയോടും സാഹോദര്യത്തോടുമുള്ള പ്രതിബദ്ധത എന്നിൽ പ്രചോദിപ്പിക്കാനും നമ്മുടെ പൊതുഭവനത്തെ പരിപാലിക്കാനും ആരും ഒഴിവാക്കപ്പെട്ടതായി തോന്നാത്തവിധത്തിൽ എന്നെ പ്രചോദിപ്പിക്കാനും കഴിയുന്ന പ്രത്യാശ ഞാൻ വ്യക്തമായി അനുഭവിച്ചറിയുന്നുണ്ടോ 'നമ്മുടെ ജീവിതത്തിൽ, നമ്മുടെ കുടുംബങ്ങളിൽ, ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ, സമയം ചെലവഴിക്കുന്ന ഇടങ്ങളിൽ മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രദ്ധിക്കാനും സ്വയം പങ്കുവയ്ക്കാനും സ്വന്തം ആവശ്യങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കാനുമുള്ള പ്രലോഭനത്തെ ചെറുക്കാനും നമുക്ക് കഴിയുമോ എന്നു പരിശോധിക്കാൻ ഈ നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നുവെന്നും മാർപാപ്പ നോമ്പുകാല സന്ദേശത്തിൽ പറയുന്നു.

## വിലനിലവാര സൂചിക

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 2024 ഡിസംബർ മാസത്തെ വിലനിലവാര സൂചിക പ്രസിദ്ധീകരിച്ചു. ജില്ല, സൂചിക ക്രമത്തിൽ. 2024 നവംബർ മാസത്തിലേത് ബ്രാക്കറ്റിൽ.

തിരുവനന്തപുരം 209 (208), കൊല്ലം 205 (204), പുനലൂർ 201 (200), പത്തനംതിട്ട 217 (217), ആലപ്പുഴ 205 (204), കോട്ടയം 217 (214), മുണ്ടക്കയം 216 (213), ഇടുക്കി 209 (208), എറണാകുളം 202 (202), ചാലക്കുടി 220 (219), തൃശൂർ 214 (214), പാലക്കാട് 198 (197), മലപ്പുറം 207 (207), കോഴിക്കോട് 215 (213), വയനാട് 206 (204), കണ്ണൂർ 218 (215), കാസർഗോഡ് 224 (222).

## ഡൽഹിയിൽ പഴയ വാഹനങ്ങൾക്കു 31 മുതൽ ഇന്ധനം നൽകില്ല

ന്യൂഡൽഹി: ഡൽഹിയിൽ ഇനി 15 വർഷം പഴക്കമുള്ള വാഹനങ്ങൾക്ക് പെട്രോളും ഡീസലും നൽകില്ല. മലിനീകരണ വിരുദ്ധ നടപടികളുടെ ഭാഗമായി ഈ മാസം 31 മുതൽ തീരുമാനം കർശനമായി നടപ്പാക്കുമെന്ന് ഡൽഹിയിലെ പുതിയ സർക്കാരിലെ പരിസ്ഥിതി മന്ത്രി മഞ്ജീന്ദർ സിംഗ് സിർസ അറിയിച്ചു. ഇന്ധന വിതരണ നിയന്ത്രണങ്ങൾക്കു പുറമേ, ഡൽഹിയിലെ വിമാനത്താവളത്തിൽ അടക്കം എല്ലാ ബഹുനില കെട്ടിടങ്ങളിലും ഹോട്ടലുകളിലും വാണിജ്യ സമുച്ചയങ്ങളിലും വായു മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള പുക വിരുദ്ധ യന്ത്രങ്ങൾ (ആന്റി സ്മോഗ് ഗൺസ്) സ്ഥാപിക്കണമെന്നും സർക്കാർ നിർദേശിച്ചു. ഡിസംബറോടെ ഡൽഹിയിലെ പൊതുഗതാഗതത്തിനായുള്ള ബസുകളെല്ലാം ഇലക്ട്രിക് ആക്കി മാറ്റും. നിലവിലെ സിഎൻജി (പ്രകൃതി വാതകം) ബസുകൾ 90 ശതമാനവും ഘട്ടം ഘട്ടമായി നിർത്തലാക്കിയാകും പകരം ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് ബസുകൾ ഏർപ്പെടുത്തുക. ഡൽഹിയിലെ മലിനീകരണത്തോത് നിയന്ത്രിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായാണു പഴയ വാഹനങ്ങൾക്കുള്ള നിയന്ത്രണങ്ങൾ, നിർബന്ധിത പുകമഞ്ഞ് വിരുദ്ധ നടപടികൾ, വൈദ്യുത പൊതുഗതാഗതത്തിലേക്കുള്ള മാറ്റം എന്നിവ നടപ്പാക്കുന്നത്. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങളെ തിരിച്ചറിയുന്ന ഉപകരണങ്ങൾ പെട്രോൾ പമ്പുകളിൽ സ്ഥാപിക്കും. ഇതനുസരിച്ച് പഴക്കം ചെന്ന ബസ്, ട്രക്ക്, ജീപ്പ്, കാറുകൾ മുതൽ ബൈക്കുകൾ വരെയുള്ളവയ്ക്ക് അടുത്തമാസം മുതൽ ഇന്ധനം നൽകില്ല. 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക് 31ാം തീയതി മുതൽ ഇന്ധനം നൽകില്ലെന്ന തീരുമാനത്തെക്കുറിച്ചു കേന്ദ്ര പെട്രോളിയം മന്ത്രാലയത്തെ അറിയിക്കുമെന്ന് മന്ത്രി സിർസ കൂട്ടിച്ചേർത്തു.

ഡൽഹി!യിൽ 15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ സുപ്രീംകോടതി നിരോധിച്ചിട്ടുണ്ട്. 15 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകൾ പിടിച്ചെടുക്കുന്ന സംവിധാനങ്ങളും നിലവിലുണ്ട്. പ്രധാനമായും പുക നിയന്ത്രണ സജ്ജീകരണം (പിഒസി) ഇല്ലാത്ത ഉപഭോക്താക്കളെ കണ്ടെത്തി പിഴയിടുകയായിരുന്നു ഇതുവരെ ട്രാഫിക് പോലീസ് ചെയ്തിരുന്നത്. ഇന്ധനം നൽകാതിരിക്കാനും ഇതേ സംവിധാനം ഉപയോഗിക്കാനൊണു സർക്കാരിന്റെ കണക്കുകൂട്ടൽ. നവംബറിലും മറ്റും ഡൽഹിയിൽ വായുമലിനീകരണം കൂടുമ്പോൾ മേഘവിത്ത് വിതച്ച് കൃത്രിമ മഴ പെയ്യിക്കാനായി കേന്ദ്രസർക്കാരിന്റെ അനുമതി തേടാനും ഡൽഹി സർക്കാർ ആലോചിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ മഴ പെയ്തതിനെ തുടർന്ന് ദേശീയതലസ്ഥാനത്ത് മലിനീകരണത്തോത് കുറഞ്ഞിരുന്നു. ഹരിയാനയിലെയും പഞ്ചാബിലെയും കർഷകർ നെല്ല്, ഗോതമ്പ് പാടങ്ങളിൽ കച്ചി കത്തിക്കുന്നതു ഡൽഹിയിലെ അന്തരീക്ഷ മലിനീകരണത്തിനു വലിയ കാരണമാകുന്നില്ലെന്ന കേന്ദ്രമന്ത്രി പിയൂഷ് ഗോയലിന്റെ പ്രസ്താവന ഡൽഹി മന്ത്രി സിർസ ശരിവച്ചു. ഡൽഹിയിലെ മലിനീകരണത്തോത് കൂട്ടാൻ പഞ്ചാബ്, ഹരിയാന കാരണമാകുന്നു. എന്നാൽ അതു വളരെ കൂടുതലല്ല. പിയൂഷ് ഗോയൽ പറഞ്ഞതിനോടു യോജിക്കുന്നു എന്നായിരുന്നു പ്രതികരണം. ഡൽഹിയിലെ എഎപി സർക്കാരും ഹരിയാനയിലെ ബിജെപി സർക്കാരും ഇക്കാര്യത്തിൽ പരസ്പരം പോരടിച്ചിരുന്ന രീതിക്കാണു ഭരണമാറ്റത്തോടെ മാറ്റമുണ്ടായത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES KERALA

2025 March 4 Tuesday





കേരള പി.എസ്.സി ഓഫീസുകൾ സമ്പൂർണ ഹരിത ക്യാമ്പസുകളായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി നവ കേരള മിഷൻ സർട്ടിഫിക്കറ്റ് മുഖ്യമന്ത്രി പിണറായി വിജയൻ കെ.പി.എസ്.സി. ചെയർമാൻ എം.ആർ ബൈജുവിന് കൈമാറുന്നു

# രാജ്യത്തെ ഏറ്റവും മികച്ച പബ്ലിക് സർവീസ് കമ്മീഷനാണ് കേരള പി.എസ്.സി : മുഖ്യമന്ത്രി

### കേരള പി.എസ്.സി മ്യൂസിയത്തിന്റെ ഉദ്ഘാടനവും പി.എസ്.സി ഓഫീസുകൾ ഹരിത ഓഫീസുകളാകുന്നതിന്റെ പ്രഖ്യാപനവും മുഖ്യമന്ത്രി നിർവഹിച്ചു

രാജ്യത്തെ ഏറ്റവും മികച്ച് പബ്ലിക് സർവീസ് കമ്മീഷനാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ എട്ടര വർഷത്തിനുള്ളിൽ രണ്ടേമുക്കാൽ ലക്ഷത്തോളം നിയമനങ്ങൾ പി.എസ്.സി നടത്തിയിട്ടുണ്ടെന്നും ഇത് രാജ്യത്തിന്റെയാകെ ശ്രദ്ധയാകർഷിച്ച കാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരള പബ്ലിക് സർവീസ് കമ്മീഷൻ മ്യൂസിയത്തിന്റെ ഉദ്ഘാടനവും പി.എസ്.സിയുടെ ആസ്ഥാനവും മൂന്ന് മേഖലാ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും ഹരിത ഓഫീസുകളാകുന്നതിന്റെ പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളപ്പിറവിക്ക് മുൻപുള്ള മദിരാശി പ്രവിശ്യയിലേയും കൊച്ചി, തിരുവിതാംകൂർ നാട്ടുരാജ്യങ്ങളിലെയും ഉദ്യോഗസ്ഥ നിയമന രീതികളും കേരളപ്പിറവിക്ക് ശേഷമുള്ള കേരള പി.എസ്.സിയുടെ റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളും പരിചയപ്പെടുത്തുന്ന അപൂർവ രേഖകളാണ് പി.എസ്.സി മ്യൂസിയത്തിന്റെ പ്രത്യേകത. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ കേരളാ പി.എസ്.സിക്ക് സമ്മാനിച്ച ഇന്ത്യൻ ഭരണഘടനയുടെ ആധികാരിക പതിപ്പും തിരുകൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന സി കേശവൻ ആദ്യ പബ്ലിക് സർവീസ് കമ്മീഷണറായ ഡോ. ജെ ഡി നോക്സിന് നൽകിയ കത്തും അടക്കം അപൂർവങ്ങളായ രേഖകൾ മ്യൂസിയത്തിലുണ്ട്. തിരുവനന്തപുരം പി.എസ്.സി ആസ്ഥാനത്ത് പട്ടം തുളസിഹിൽ ബംഗ്ലാവിലാണ് മ്യൂസിയം സജ്ജമാക്കിയിരിക്കുന്നത്. വിശാലമായ റഫറൻസ് ലൈബ്രറിയും റീഡിംഗ് റൂമും ഈ മന്ദിരത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഡൽഹിയിലെ യൂണിയൻ പബ്ലിക് സർവീസ് കമീഷൻ ആസ്ഥാനത്ത് മാത്രമാണ് നിലവിൽ പി.എസ്.സി. മ്യൂസിയമുള്ളത്. സംസ്ഥാന പി.എസ്.സികളിലെ ആദ്യ മ്യൂസിയമാണ് ഇപ്പോൾ കേരളത്തിൽ നിലവിൽ വന്നത്.

സർക്കാർ സർവീസുകളിലേക്കുള്ള നിയമനങ്ങൾ വെട്ടിച്ചുരുക്കുകയും നിയമന നിരോധനം നടപ്പിലാക്കുകയും ചെയ്യണമെന്നുള്ള മുറവിളികൾ പല കോണുകളിൽ നിന്നും ഉയരുന്ന കാലഘട്ടത്തിലാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ വേറിട്ട പ്രവർത്തനങ്ങളിലൂടെ മാതൃകയായി മാറിയിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നമ്മുടെ പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ പഠിക്കാനും പ്രയോഗത്തിൽ കൊണ്ടുവരാനും മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പി.എസ്.സി പഠനസംഘങ്ങൾ ഇവിടെ എത്തുന്നത് തന്നെ ഈ മാതൃകാപരമായ പ്രവർത്തനത്തിന്റെ ദൃഷ്ടാന്തമാണ്. ഇത്തരത്തിലുള്ള നേട്ടങ്ങൾ പബ്ലിക് സർവീസ് കമ്മീഷൻ കൈവരിച്ചത് കാലോചിതമായ ആധുനികവൽക്കരണത്തിലൂടെയും കാര്യക്ഷമവും ചിട്ടയുള്ളതുമായ പ്രവർത്തനങ്ങളിലൂടെയുമാണ്. ആ പ്രവർത്തനങ്ങളുടെ ചരിത്രം പൊതുസമൂഹത്തിന്റെ മുന്നിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇവിടെ മ്യൂസിയം ഒരുക്കിയിട്ടുള്ളത്.

നിലവിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ കീഴിൽ മാത്രമാണ് ഇത്തരമൊരു മ്യൂസിയം പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ കേരള പി.എസ്.സിയുടെ പുതിയ മ്യൂസിയത്തിലൂടെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറുകയാണ് കേരളമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ നൂറ് വർഷ കാലയളവിലെ അമൂല്യമായ ചരിത്ര രേഖകളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്. പൊതുജനങ്ങൾക്കും ഗവേഷകർക്കും പഠിതാക്കൾക്കും പി.എസ്.സിയുടെ ചരിത്രത്തെയും പ്രവർത്തനരീതിയെയും കുറിച്ച് അറിവ് പകർന്നു നൽകുന്നതാണ് ഈ രേഖകൾ.

സംസ്ഥാനത്ത് നല്ല രീതിയിലുള്ള ഇടപെടലാണ് മാലിന്യനിർമ്മാർജനവുമായി ബന്ധപ്പെട്ട് നടക്കുന്നത്. 'മാലിന്യമുക്തം നവകേരളം' എന്ന മുദ്രാവാക്യം സൂചിപ്പിക്കുന്നതുപോലെ മാലിന്യ സംസ്കരണത്തിന് വലിയ പ്രാധാന്യമാണ് നാം നൽകുന്നത്. മാലിന്യ സംസ്കരണ രീതികൾ പലയിടത്തും നല്ല നിലക്ക് നടത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ നടക്കുമ്പോൾ നമ്മുടെ സർക്കാർ സ്ഥാപനങ്ങളും അതിനോട് ചേർന്ന് പ്രവർത്തിക്കുകയാണ്. അതിന്റെ ഭാഗമായാണ് പി.എസ്.സിയുടെ 14 ജില്ലാ ഓഫീസുകളും 3 മേഖലാ ഓഫീസുകളും പി.എസ്.സി ആസ്ഥാനവും ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നത്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എല്ലാ ജീവനക്കാരുടെയും സഹകരണം ഉണ്ട് എന്നത് നല്ല കാര്യമാണ്. തുടർന്നും ആ പിന്തുണയുണ്ടാകണമെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു.

വി.കെ. പ്രശാന്ത് എംഎൽ എ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, കേരള പി.എസ്.സി ചെയർമാൻ എം.ആർ. ബൈജു, സെക്രട്ടറി സാജു ജോർജ്, യു.പി.എസ്.സി. മ്യൂസിയം കൺസൾട്ടന്റ് വി.കെ. മാതുർ, നവകേരള മിഷൻ കോർഡിനേറ്റർ ടി.എൻ. സീമ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# വ്യവസായിക സുരക്ഷിതത്വ അവാർഡ് വിതരണം 4 ന്

സുരക്ഷിത തൊഴിൽ സാഹചര്യം ഉറപ്പാക്കുന്ന വ്യവസായശാലകൾക്ക് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകുന്ന വ്യാവസായിക സുരക്ഷിതത്വ അവാർഡുകൾ മാർച്ച് നാലിന് (ഇന്ന്) തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി വിതരണം ചെയ്യും. ഉച്ചക്ക് 12 ന് മാസ്കറ്റ് ഹോട്ടലിൽ നടക്കുന്ന പരിപാടിയിൽ ഫാക്ടറി ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് വിതരണവും പുതിയ മൊബൈൽ മെഡിക്കൽ എക്സാമിനേഷൻ യൂണിറ്റിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.വി കെ പ്രശാന്ത് എം എൽ എ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ മേയർ ആര്യാ രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ പി പ്രമോദ്, ജോയിന്റ് ഡയറക്ടർ ടി കെ ഷാബുജാൻ, മുൻ എംപിയും ദേശീയ സുരക്ഷാ കൗൺസിൽ കേരള ഘടകം വൈസ് ചെയർമാനും ഗ്രേറ്റർ കൊച്ചി ഡവലപ്മെന്റ് അതോറിറ്റി ചെയർമാനുമായ കെ ചന്ദ്രൻ പിളള, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് ചെയർമാൻ കെ എൻ ഗോപിനാഥ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സിജയൻ ബാബു, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിനോദ് ജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഡോ ഷീല എ എം, കേരള സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ അസോസിയേഷൻ പ്രസിഡന്റ് എ നിസാറുദ്ദീൻ, ഫാക്ടറീസ് അൻഡ് ബോയിലേഴ്സ് ഗ്രേഡ്കക ഇൻസ്പെക്ടർ രമേഷ് ചന്ദ്രൻ ആർ തുടങ്ങിയവർ സംബന്ധിക്കും

# കോൺഗ്രസ് പ്രവർത്തകയുടെ കൊലപാതകം: ഒരാൾ അറസ്റ്റിൽ

ചണ്ഡീഗഡ്: യൂത്ത് കോൺഗ്രസ് പ്രവർത്തകയായ ഹിമാനി നർവാളിന്റെ (22) കൊലപാതകത്തിൽ ഒരാൾ അറസ്റ്റിൽ. ഹരിയാന പോലീസാണ് പ്രതിയെ പിടികൂടിയത്. കേസ് അന്വേഷണത്തിനായി ഹരിയാന പോലീസ് പ്രത്യേക അന്വേഷണ സംഘത്തെ (എസ്ഐടി) രൂപീകരിച്ചിരുന്നു.

ഇതിനു പിന്നാലെയാണ് ഒരാൾ അറസ്റ്റിലായത്. പ്രതിയെ ചോദ്യം ചെയ്തുവരികയാണെന്നും അന്വേഷണം പുരോഗമിക്കുന്നുണ്ടെന്നും ഹരിയാന പോലീസ് പറഞ്ഞു. നാല് പ്രത്യേക സംഘങ്ങളായി തിരിഞ്ഞാണ് അന്വേഷണം നടത്തുന്നത്.

മാർച്ച് ഒന്നിനാണ് റോഹ്തക്ഡൽഹി ഹൈവേയിലെ സാംപ്ല ബസ് സ്റ്റാൻഡിനു സമീപം ഉപേക്ഷിക്കപ്പെട്ട സ്യൂട്ട്കേസിൻ ഹിമാനിയുടെ മൃതദേഹം കണ്ടെത്തിയത്. റോഹ്തക്ക് വിജയ് നഗർ സ്വദേശിനിയാണ് ഹിമാനി നർവാൾ.

അതിനിടെ മകളുടെ കൊലയാളിയെ പിടികൂടുന്നതുവരെ മൃതദേഹം ദഹിപ്പിക്കാൻ അനുവദിക്കില്ലെന്നു ഹിമാനിയുടെ കുടുംബം അറിയിച്ചു.

# സർവ്വകലാശാലാനിയമ ഭേദഗതി ബില്ലിന്റെ വിശാല ലക്ഷ്യങ്ങളെ തമസ്കരിക്കാനാണ് വ്യാജപ്രചാരണം നടത്തുന്നത് : മന്ത്രി ഡോ. ആർ ബിന്ദു

സർവ്വകലാശാലാ നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള കാലഹരണപ്പെട്ട പല ഭാഗങ്ങളും ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്രപരിഷ്കരണത്തിന് തടസ്സമാണെന്നു കണ്ടാണ് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകളുടെ ശുപാർശ പ്രകാരം സർവ്വകലാശാലാ നിയമ ഭേദഗതി ബിൽ കൊണ്ടുവരുന്നത്.

ഏറ്റവും വേഗത്തിലും ലളിതമായും വിദ്യാർത്ഥി സമൂഹത്തിന് സേവനങ്ങൾ ഉറപ്പാക്കലും വികേന്ദ്രീകൃത ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തലും ഗവേഷണ മേഖലയിൽ കാലികമായ മാറ്റത്തിന് കളമൊരുക്കലും അടക്കമുള്ള വിശാലമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെയുള്ളവയാണ് ബില്ലിലെ വ്യവസ്ഥകൾ.

കോളേജ് അധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷപദവി വഹിക്കുന്ന കാലയളവ് വേതനമില്ലാത്ത അവധിയായി കണക്കാക്കാമെന്ന ബില്ലിലെ ഒരു വ്യവസ്ഥയാണ് വ്യക്തിപരമായ ആരോപണത്തിനും ബില്ലിനെ ഇകഴ്ത്താനും ചില മാധ്യമങ്ങളും ഏതാനും പ്രതിപക്ഷ എംഎൽഎമാരും കാരണമാക്കുന്നത്.

മികച്ച വൈജ്ഞാനിക സമ്പത്തിനുടമകളായ അധ്യാപകരെ വികേന്ദ്രീകൃത ഭരണ സംവിധാനത്തിനു കൂടി ഉപയുക്തമാക്കുന്നത് ജനാധിപത്യസംവിധാനത്തിന്റെ മികവ് കൂട്ടുകയേയുള്ളൂ എന്നതിൽ ആർക്കും എതിരഭിപ്രായമുണ്ടാവില്ല. എന്നാലിത്, സേവന കാലാവധി മൂന്നുവർഷം കൂടി ബാക്കി നിൽക്കെ 2021ൽ സ്വയം വിരമിക്കൽ നേടി പിരിഞ്ഞ കോളേജ് അധ്യാപികയായ എനിക്ക് അനുകൂലമാക്കാനാണെന്ന് ദുർവ്യാഖ്യാനിക്കുന്നതിൽ ദുഷ്ടബുദ്ധിയുണ്ട്. കാരണം, ഒരു മുൻകാലപ്രാബല്യവും ഈ വ്യവസ്ഥയിൽ ഇല്ലെന്നത് മറച്ചുവച്ചാണ് ഈ പ്രചാരണം. ഏതാനും ചില കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന വ്യാജവിവരങ്ങൾ വാസ്തവമായി അവതരിപ്പിക്കുന്നതിലെ അധാർമ്മികത ഇതു പ്രചരിപ്പിക്കുന്നവർ പരിശോധിക്കണം.

നിലവിലെ സർവ്വകലാശാല നിയമങ്ങളെല്ലാം എഴുപതുകളിലും എൺപതുകളിലുമാണ് രൂപീകരിച്ചത്. 1994 ലാണ് കേരളത്തിൽ സമഗ്രമായ പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വന്നത്. അപ്പോഴാണ് നിലവിലുള്ള പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ തുടങ്ങിയ തസ്തികകൾ നിലവിൽ വരികയും അവ മുഴുവൻസമയ പ്രവർത്തനമായി മാറുകയും ചെയ്തത്.

അതിനു ശേഷം സംസ്ഥാനത്തു വരുന്ന ഏറ്റവും സമഗ്രമായ സർവ്വകലാശാലാനിയമ ഭേദഗതിക്കായി നിയമനിർമ്മാണം വരുമ്പോൾ അത്തരം പദവികൾക്കു കൂടി ആനുകൂല്യം നൽകാൻ തീരുമാനിച്ചത് സ്വാഭാവികമായാണ്. പക്ഷെ, ഈ ആനുകൂല്യം ഗവർണർ ഒപ്പിടുന്ന അന്നുമുതൽ മാത്രമാണ് പ്രാബല്യത്തിൽ വരിക. അതുകൊണ്ടുതന്നെ മുമ്പ് മേയർമാരോ പഞ്ചായത്ത് പ്രസിഡന്റുമാരോ ആയിരുന്നവർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ലെന്നത് സുവ്യക്തമാണ്.

# തിരുവനന്തപുരത്ത് പ്ലസ് ടു വിദ്യാർഥി തൂങ്ങി മരിച്ച നിലയിൽ

തിരുവനന്തപുരം: വട്ടിയൂർക്കാവ് മരുതൻകുഴിയിൽ പ്ലസ് ടു വിദ്യാർഥിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. ദർശനീയം വീട്ടിൽ രതീഷിന്റെ മകൻ ദർശൻ(17) ആണ് മരിച്ചത്.രാവിലെ ബെഡ് റൂമിലാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. ഇന്ന് പരീക്ഷ തുടങ്ങാനിരിക്കെയാണ് സംഭവം. വഴുതക്കാട് ചിൻമയ വിദ്യാലയത്തിലെ പ്ലസ് ടു വിദ്യാർഥിയാണ് ദർശൻ.ആത്മഹത്യാക്കുറിപ്പിൽ പരീക്ഷയെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ടെന്ന് പോലീസ് അറിയിച്ചു. എല്ലാം പഠിച്ചു, റിവിഷനും കഴിഞ്ഞു. പക്ഷേ ഒന്നും ഓർമിക്കാനാകുന്നില്ലെന്നാണ് കുറിപ്പിലുള്ളത്.

അച്ഛനും അമ്മയും വിഷമിക്കരുതെന്നും കുറിപ്പിലുണ്ട്. അച്ഛനും അമ്മയും ഒന്നിനും തന്നെ ബുദ്ധിമുട്ടിച്ചിട്ടില്ല. ബുദ്ധിമുട്ടിച്ചുവെങ്കിൽ താൻ എന്തെങ്കിലും ആകുമായിരുന്നു.താൻ കഠിന ഹൃദയനല്ലാത്തതിനാൽ യാത്രയാകുന്നു. തന്റെ കൂട്ടുകാർ സിനിമയിൽ കാണുന്നതുപോലെ വലിയ ആൾക്കാർ ആകണമെന്നും ആത്മഹത്യാക്കുറിൽ പറയുന്നു.

# വിദ്യാർത്ഥിയുടെ ആത്മഹത്യ; അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രിയുടെ നിർദ്ദേശം

തിരുവനന്തപുരത്ത് സ്കൂൾ കെട്ടിടത്തിൽ വിദ്യാർത്ഥി ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. മറ്റ് വിദ്യാർത്ഥികളുടെ സാന്നിധ്യത്തിൽ സ്കൂളിലെ ക്ലർക്ക് അപമര്യാദയായി പെരുമാറിയതിനെ തുടർന്നാണ് വിദ്യാർത്ഥി ആത്മഹത്യ ചെയ്തതെന്നാണ് പരാതി.

തിരുവനന്തപുരം പരുത്തിപ്പള്ളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ഒന്നാംവർഷ വിദ്യാർത്ഥിയായിരുന്ന എബ്രഹാം ബെൻസൺ ആണ് മരണപ്പെട്ടത്. കുട്ടിയുടെ പിതാവിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ഉത്തരവ്.

# കുട്ടികളിൽ അക്രമങ്ങൾ വർധിക്കുന്നത് ആഗോളപ്രശ്നം; ചെന്നിത്തലയെ വിമർശിച്ചും സതീശനെ പുകഴ്ത്തിയും മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്ത് വർധിച്ചുവരുന്ന അക്രമസംഭവങ്ങൾ സംബന്ധിച്ച പ്രതിപക്ഷത്തിന്റെ അടിയന്തരപ്രമേയത്തിൽ ചെന്നിത്തലയെ വിമർശിച്ചും സതീശനെ പുകഴ്ത്തിയും മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗം. സതീശനും ചെന്നിത്തലയും സംസാരിച്ചത് രണ്ട് തരത്തിലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടാണ് പ്രതിപക്ഷ നേതാവ് സംസാരിച്ചത്. വിഷയത്തിലൂന്നിക്കൊണ്ടാണ് സതീശൻ കാര്യങ്ങൾ പറഞ്ഞത്. പ്രമേയം അവതരിപ്പിച്ച രമേശ് ചെന്നിത്തല അങ്ങനെ ചെയ്തോ എന്ന് പരിശോധിക്കണമെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ലഹരി വ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ വിശദീകരിച്ചുകൊണ്ടാണ് സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന പ്രതിപക്ഷ വിമർശനത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ലഹരിയുടെ ഉറവിടമായ പ്രധാന കണ്ണിയെ ഹൈദരാബാദിൽ പോയി പിടികൂടി.

എക്സൈസ് ഉദ്യോഗസ്ഥർക്ക് ലാത്തി മാത്രമല്ല ആയുധമായുള്ളത്. എസ്ഐ മുതൽ ഉയർന്ന ഉദ്യോഗസ്ഥർക്ക് പിസ്റ്റൾ നൽകിയിട്ടുണ്ട്.ഈ രീതി തുടരണമെന്ന് എസ്എഫ്ഐ വേദിയിൽ നടത്തിയ പരാമർശവും മുഖ്യമന്ത്രി ശരിവച്ചു. 35 എസ്എഫ്ഐക്കാർ കൊല്ലപ്പെട്ടിട്ടും എസ്എഫ്ഐക്കാരാൽ ആരും കൊല്ലപ്പെട്ടിട്ടില്ല. ഈ സഹനശക്തി തുടരണമെന്നാണ് പറഞ്ഞതെന്നും മുഖ്യമന്ത്രി ന്യായീകരിച്ചു.

യുഎസിൽ കുട്ടികൾ നടത്തിയ അക്രമസംഭവങ്ങളും മുഖ്യമന്ത്രി സഭയിൽ പരാമർശിച്ചു. ഇതൊരു ആഗോളപ്രശ്നമാണെന്നും കേരളത്തിലെ സംഭവങ്ങൾ ഗൗരവമായി കാണുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ശിവശങ്കറെ ബലിയാടാക്കി മുഖ്യമന്ത്രി സ്വന്തം തടിരക്ഷിച്ചെന്ന് കെ സുധാകരൻ എംപി

തിരുവനന്തപുരം : പ്രിൻസിപ്പൽ സെക്രട്ടറി എം ശിവശങ്കറെ ബലിയാടാക്കി സ്വർണക്കടത്തു കേസ്, ലൈഫ് മിഷൻ കേസ് തുടങ്ങിയവയിൽനിന്നു രക്ഷപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഇപ്പോൾ അദ്ദേഹത്തിനുവേണ്ടി ഒഴുക്കുന്നത് മുതലക്കണ്ണീരാണെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. ഡിവൈഎഫ്ഐയുടെ സ്റ്റാർട്ട്അപ് ഫെസ്റ്റിവലിൽ സ്റ്റാർട്ട്അപ് വളർച്ചയ്ക്ക് നേതൃത്വംകൊടുത്ത ഉദ്യോഗസ്ഥനെ വേട്ടയാടിയെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ രൂപപ്പെട്ട ബിജെപി സിപിഎം ബന്ധമാണ് ലൈഫ് മിഷൻ കേസ്, സ്വർണക്കടത്തു കേസ് എന്നിവ ഇല്ലാതാക്കിയത്. പിണറായി വിജയനെ കേസിൽ നിന്നൂരാൻ മാത്രമല്ല, വീണ്ടും അധികാരത്തിലേറാനും ബിജെപി സഹായിച്ചു. തിരുവനന്തപുരം വിമാനത്താവളത്തിൽനിന്ന് കസ്റ്റംസ് പിടിച്ചെടുത്ത 15 കോടിയുടെ സ്വർണം, ലൈഫ് മിഷന് യുഎഇ നല്കിയ 20 കോടിയിൽ നടത്തിയ വെട്ടിപ്പ് തുടങ്ങിയ അതീവ ഗുരുതരമായ കേസുകളാണ് ഇല്ലാതായത്. കേസുകൾ തേച്ചുമായിച്ചു എന്ന അഹങ്കാരത്തിലാണ് ഇപ്പോൾ മുഖ്യമന്ത്രി ശിവശങ്കറെ ന്യായീകരിക്കുന്നത്. മുഖ്യമന്ത്രിയിലേക്ക് എത്തേണ്ട നിരവധി സാഹചര്യതെളിവുകൾ ഉണ്ടായിരുന്നു. മുഖ്യമന്ത്രിക്കുവേണ്ടി ദുബായിലേക്ക് സ്വർണവും ഡോളറും കടത്തി എന്ന ആരോപണം ഉന്നയിച്ചത് ഒരു കാലഘട്ടത്തിൽ വലംകൈയായിരുന്ന സ്വപ്ന സുരേഷാണ്. മുഖ്യമന്ത്രിയുടെ വസതിയിലേക്ക് കോൺസുലേറ്റിൽ നിന്ന് സ്ഥിരമായി എത്തിയിരുന്ന ദുരൂഹമായ ബിരിയാണി ചെമ്പുകൾ, സ്വപ്നയ്ക്ക് മുഖ്യമന്ത്രിയുടെ വകുപ്പിൽ ജോലി, അവരുടെ ഭർത്താവിന് കെ ഫോണിൽ ജോലി, നയതന്ത്ര ബാഗ് വിട്ടുകിട്ടാൻ ശിവശങ്കർ നടത്തിയ ഇടപെടലുകൾ, രാജ്യദ്രോഹ കുറ്റം ചുമത്തപ്പെട്ട ഉദ്യോഗസ്ഥനെ സർവീസിൽ തിരിച്ചെടുത്തത് തുടങ്ങിയ നിരവധി കണ്ണികളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി ഇല്ലാതാക്കിയത്. 2020ൽ കേസ് എൻഐഎ ഏറ്റെടുത്തെങ്കിലും സ്വർണക്കടത്തു കേസിൽ ശിവശങ്കർ പ്രതിയായില്ല. വിദേശത്തേക്ക് ഡോളർ കടത്തിയെന്ന കേസിൽ അറസ്റ്റിലായെങ്കിലും പിന്നീടൊന്നും സംഭവിച്ചില്ല. മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സിഎം രവീന്ദ്രനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചെങ്കിലും അദ്ദേഹം പല തവണ ഹാജരായില്ല. മന്ത്രി കെ ടി ജലീൽ, നിയമസഭാ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ തുടങ്ങിയവരൊക്കെ ആരോപണവിധേയരായി. കേരളം കണ്ട ഗുരുതരമായ ഈ കേസ് വീണ്ടും ഉയർന്നുവരുക തന്നെ ചെയ്യുമെന്ന് സുധാകരൻ ചൂണ്ടിക്കാട്ടി.

# വ്യാവസായിക ട്രൈബ്യൂണൽ സിറ്റിംഗ്

കൊല്ലം വ്യാവസായിക ട്രൈബ്യൂണൽ സുനിത വിമൽ മാർച്ച് 3, 10, 17, 24 തീയതികളിൽ കോട്ടയത്തും 5, 12, 19, 26 തീയതികളിൽ പുനലൂരിലും 15, 12, 29 തീയതികളിൽ പീരുമേടും 25 ാം തീയതി തൊടുപുഴയിലും മറ്റു പ്രവൃത്തിദിനങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകളും എംപ്ലോയീസ് ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ നടത്തും.